# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എലവഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: നം.കെ.എസ് . എ_പികെഡി.18/1574/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 30/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എലവഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ് . എ_പികെഡി.18/1574/2022 തീയ്യതി: 30/07/2022

## പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2019 മുതൽ 11-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ. സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 12-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എസ്. പ്രേമാനന്ദ്, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)
എ. സുജാത, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
എൻ. വി. കൃഷ്ണദാസ്, ഓഡിറ്റർ
ആർ. രഞ്ജിത്ത്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുധ രവീന്ദ്രൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| അനിൽ കുമാർ ജി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രശ്മി. ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 28-06-2019 |
| | | 01-08-2019 | 20-01-2020 |
| | | 28-02-2020 | 31-03-2020 |
| നാൻസി കെ. വർഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 29-06-2019 | 31-07-2019 |
| | | 21-01-2020 | 31-01-2020 |
| ജയപ്രകാശ് സി.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-02-2020 | 27-02-2020 |
| ഡോ. ബിന്ദു കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ജയലളിത പി.വി | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ഡോ. ബബിത ബി.എസ് | വെറ്ററിനറി സർജൻ | 01-04-2019 | 17-02-2020 |
| ഒഴിവ് | വെറ്റിനറി സർജൻ | 18-02-2020 | 31-03-2020 |
| രവികല ആർ | വി.ഇ.ഒ I | 01-04-2019 | 31-03-2020 |
| രഹിത. എൻ | വി.ഇ.ഒ II | 01-04-2019 | 03-01-2020 |
| രവികല ആർ | വി.ഇ.ഒ II അഡീ. ചാർജ്ജ് | 04-01-2020 | 20-01-2020 |
| ഷാനവാസ് | വി.ഇ.ഒ II | 21-01-2020 | 04-02-2020 |
| സോജ ആർ | വി.ഇ.ഒ II | 05-02-2020 | 31-03-2020 |
| അനൂപ് കെ.എം | അസി. എഞ്ചിനീയർ | 01-04-2019 | 30-07-2019 |
| ഉമ ടി.എൻ | അസി. എഞ്ചിനീയർ | 31-07-2019 | 31-03-2020 |
| രജിൻ റാം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| സുധ കുമാരി എ.സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Krishnadas.N.V (Auditor, On 13-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Ranjith. R (Auditor, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക- അപാകതകൾ<br>Written By: Ranjith. R (Auditor, On 31-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ranjith. R (Auditor, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: A. Sujatha (Asst. Audit Officer, On 18-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-5 |
| 7 | നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് ശതമാനം വിലയിരുത്തൽ<br>Written By: A. Sujatha (Asst. Audit Officer, On 18-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-5-1 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: A. Sujatha (Asst. Audit Officer, On 18-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: A. Sujatha (Asst. Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Ranjith. R (Auditor, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: A. Sujatha (Asst. Audit Officer, On 11-07-2022)<br>Last Updated By: A. Sujatha (Asst. Audit Officer, On 11-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-10 |
| 13 | വസ്തുനികുതി ഡാറ്റാബേസിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 31-01-2022)<br>Last Updated By: Ranjith. R (Auditor, On 19-03-2022) | 1-11 |
| 14 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം തുടരുന്നു<br>Written By: Ranjith. R (Auditor, On 31-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-11-1 |
| 15 | റസിഡൻഷ്യൽ ഹോംസ്റ്റേ കെട്ടിടങ്ങൾക്ക് ബാധകമായ നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല<br>Written By: Ranjith. R (Auditor, On 31-01-2022)<br>Last Updated By: Ranjith. R (Auditor, On 19-03-2022) | 1-11-2 |
| 16 | കാർഷിക മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 31-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-12 |

| | | |
|---|---|---|
| 17 | കന്നുകുട്ടി പരിപാലന പദ്ധതി- പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 31-01-2022)<br>Last Updated By: Ranjith. R (Auditor, On 31-01-2022) | 1-13 |
| 18 | കറവ പശു വളർത്തൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Ranjith. R (Auditor, On 31-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-14 |
| 19 | പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - അപാകതകൾ<br>Written By: A. Sujatha (Asst. Audit Officer, On 08-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-15 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: A. Sujatha (Asst. Audit Officer, On 08-02-2022)<br>Last Updated By: A. Sujatha (Asst. Audit Officer, On 08-02-2022) | 1-16 |
| 21 | പൊതുടാപ്പുകളുടെ വെള്ളക്കരം- പരിധി പാലിക്കാതെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ഒടുക്കി<br>Written By: A. Sujatha (Asst. Audit Officer, On 08-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-17 |
| 22 | കുടുംബശ്രീ ജെ.എൽ,ജി ഗ്രൂപ്പുകളുടെ ടെയ്‌ലറിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല- പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Krishnadas.N.V (Auditor, On 13-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-18 |
| 23 | സാന്ത്വന പരിചരണ പദ്ധതി- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.<br>Written By: Krishnadas.N.V (Auditor, On 13-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-19 |
| 24 | ടെണ്ടർ ഡീവിയേഷൻ കുറവു ചെയ്യാതെ ബിൽ തുക അനുവദിച്ചത്<br>Written By: S. Premanand (Audit Officer, On 10-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-20 |
| 25 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയതിൽ കുറവ്<br>Written By: S. Premanand (Audit Officer, On 10-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-21 |
| 26 | ചരക്ക് സേവന നികുതി ഈടാക്കിയതിൽ കുറവ്<br>Written By: S. Premanand (Audit Officer, On 10-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-22 |
| 27 | അർഹതയില്ലാത്ത ഇനത്തിന് GST Compensation അനുവദിച്ചത് - അധികം നൽകിയ തുക തിരിച്ചടക്കണം<br>Written By: S. Premanand (Audit Officer, On 10-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-23 |
| 28 | പാർട്ട് ബിൽ നൽകി നാളിതുവരെ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കണം.<br>Written By: S. Premanand (Audit Officer, On 10-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-24 |
| 29 | പട്ടികവർഗ കോളനിയിലെ കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കാനായി ആവിഷ്കരിച്ച പദ്ധതി 5 വർഷം കഴിഞ്ഞിട്ടും ലക്ഷ്യം കൈവരിച്ചില്ല.<br>Written By: S. Premanand (Audit Officer, On 10-07-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 30-07-2022) | 1-25 |
| 30 | മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഹാജരാക്കിയില്ല. തുക തടസപ്പെടുത്തുന്നു.<br>Written By: S. Premanand (Audit Officer, On 11-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-26 |
| 31 | പ്രവൃത്തി പൂർത്തീകരിച്ചിട്ടും ബിൽ തുക നൽകാൻ കാലതാമസം വരുത്തുന്നത്<br>Written By: S. Premanand (Audit Officer, On 10-07-2022) | 1-27 |

| | | |
|---|---|---|
| | Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ടെണ്ടർ ഡീവിയേഷൻ കുറവു ചെയ്യാതെ ബിൽ തുക അനുവദിച്ചതിലൂടെ അധികം നൽകിയ തുക തിരിച്ചടക്കണം<br>Written By: S. Premanand (Audit Officer, On 10-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 3-1 |
| 2 | അർഹതയില്ലാത്ത ഇനത്തിന് GST Compensation അനുവദിച്ചത് - അധികം നൽകിയ തുക തിരിച്ചടക്കണം<br>Written By: S. Premanand (Audit Officer, On 10-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 06-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 11-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A. Sujatha (Asst. Audit Officer, On 11-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: S. Premanand (Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: S. Premanand (Audit Officer, On 06-07-2022)<br>Last Updated By: S. Premanand (Audit Officer, On 06-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S. Premanand (Audit Officer, On 11-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: S. Premanand (Audit Officer, On 06-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: S. Premanand (Audit Officer, On 11-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S. Premanand (Audit Officer, On 11-07-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 27-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: S. Premanand (Audit Officer, On 06-07-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 30-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 20.02.2019 ലെ യോഗത്തിൽ അവതരിപ്പിക്കുകയും 23.02.2019 ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് 21.03.2020 യിൽ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 1296680 |
| തൻവർഷം വരവ് | 142714000 |
| ആകെ വരവ് | 144610680 |
| ചെലവ് | 142340000 |
| നീക്കിയിരിപ്പ് | 2376680 |

കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ പാലിക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

ബജറ്റ് തയ്യാറാക്കുന്നതിൽ മാന്വൽ പ്രകാരമുള്ള സമയക്രമവും നടപടിക്രമങ്ങളും പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കുന്നതിലും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കുന്നതിലും ശ്രദ്ധിക്കേണ്ടതാണ്.

പ്രതീക്ഷിത വരവ് ചെലവുകൾ പരിശോധിച്ചതിൽ തൻവർഷം പ്രസക്തമാല്ലാത്ത വരവിനങ്ങൾ ബജറ്റിൽ ഉൾപ്പെട്ടവാൻ ഇടയായിട്ടുണ്ട്. ഉദാ. പഞ്ചായത്തിൽ പരസ്യ നികുതി ഈടാക്കുന്നില്ല എന്നിരിക്കെ ഈ ഇനത്തിൽ 5000 രൂപ ബജറ്റിൽ വരവ് പ്രതീക്ഷിച്ചിട്ടുണ്ട്. ജി.എസ്.ടി നിയമത്തിലെ വകുപ്പ് 173 ഉപവകുപ്പ് Vi പ്രകാരം 1-7-2017 മുതൽ പരസ്യ നികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുന്ന 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 209 റദ്ദാക്കിയിട്ടുണ്ട്. ആയതിനു ശേഷവും ഈ ഇനത്തിൽ വരവ് പ്രതീക്ഷിച്ചത് ബജറ്റ് തയ്യാറാക്കുന്നതിലെ അപാകമായി വിലയിരുത്തുന്നു.

നിർദ്ദേശങ്ങൾ

1. നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള സമയക്രമം പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
2. എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.
3. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

4. പുതുക്കിയ ബജറ്റ് കൃത്യമായി പാസാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-07-2020 | 25-05-2020 | - | 30-07-2020 |

## 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകതകൾ

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. താഴെ പറയുന്ന അക്കൗണ്ടുകളുടെ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

| ക്രമ നം | അക്കൗണ്ട് ഹെഡ് | അക്കൗണ്ടിന്റെ പേര് | ബാലൻസ് തുക |
|---|---|---|---|
| 1 | 450210103 | SBI E Payments 2759 | 144241 |
| 2 | 450610101 | Canara Bank - Hariyal 14567 | 1098 |
| 3 | 450610103 | Canara Bank, MNREGS 13213 | 167 |
| 4 | 450610106 | MPLAD17373 | 206 |
| 5 | 450630101 | Elavanchery SCB - TSC 1750/356 | 383660 |

2. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

3. സംയുക്ത പ്രോജക്റ്റുകളുടെ വരവ് ചെലവ് സംബന്ധിച്ച് രജിസ്റ്റർ പൂർണ്ണമല്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

5. Sale Of Scrap, Receipt From Aution Of Obsolete Assets എന്നീ വരവിനങ്ങളെ സംബന്ധിക്കുന്ന രജിസ്റ്റുകൾ സൂക്ഷിച്ചിട്ടില്ല.

6. ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ സാമൂഹിക സുരക്ഷാ പെൻഷനുകളുടെ വരവ്, ചെലവ് എന്നിവ തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം | പെൻഷന്റെ പേര് | വാർഷിക കണക്കുകൾ പ്രകാരം വരവ്/ചെലവ് | യഥാർത്ഥ വരവ്/ചെലവ് (പെൻഷൻ എക്സ്പെൻഡിച്ചർ റിപ്പോർട്ട് പ്രകാരം) |
|---|---|---|---|
| 1 | Indira Gandhi National Old Age Pension | 3372900 | 5613300 |
| 2 | Pension For Agriculture Workers | 2482200 | 4077000 |
| 3 | Indira Gandhi National | 3475800 | 5748600 |

| | | | |
|---|---|---|---|
| | Destitute/Widow Pension | | |
| 4 | Pension For Unmarried Women Aged Above 50 | 229200 | 373200 |
| 5 | Indira Gandhi National Disabled Pension | 722000 | 11746000 |
| | | 10282100 | 27558100 |

7.എല്ലാ പേമെന്റ് വൗച്ചറുകളും പ്രിന്റെടുത്ത് വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല

മേൽ കാര്യങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 13/27.01.2022-ന് താഴെ പറയുന്ന പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1. റീക്കൺസിൽ ചെയ്യാത്ത അക്കൗണ്ടുകൾ നടപ്പുവർഷം മുതൽ റീക്കൺസിൽ ചെയ്ത് സൂക്ഷിക്കുന്നതാണ്.
2. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കുന്നതും കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതുമാണ്.
3. സംയുക്ത പദ്ധതികളുടെ വരവ് ചെലവ് രജിസ്റ്റർ 2020-21 മുതൽ കാലികമായി സൂക്ഷിച്ചുവരുന്നുണ്ട്.
4. Sale Of Scrap, Receipt From Aution Of Obsolete Assets എന്നിവയിലുള്ള വരവ് വിവരങ്ങൾ സാംഖ്യയിൽ ലഭ്യമായതിനാൽ പ്രത്യേകം സൂക്ഷിച്ചിട്ടില്ല.
5. സേവന സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ സാംഖ്യയിൽ മാന്വൽ ആയി ചേർക്കുമ്പോൾ വന്ന പിഴവാണ് ഇൻകം & എക്‌പെൻഡിച്ചർ പത്രികയിൽ സാമൂഹിക സുരക്ഷാ പെൻഷനുകളുടെ വരവ്, ചെലവ് എന്നിവ തെറ്റായി ഉൾപ്പെടുവാനിടയാക്കിയത്. തുടർ വർഷങ്ങളിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണ്.

അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അക്കൗണ്ടുകൾ റീക്കൺസിൽ ചെയ്ത് സൂക്ഷിക്കേണ്ടതും ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,15,53,432 |
| വരവ് | 7,96,56,141 |
| ആകെ | 9,12,09,573 |
| ചെലവ് | 7,43,22,028 |
| നീക്കിയിരിപ്പ് | 1,68,87,545 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 8566983 | 8566983 | 8457348 | 109635 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10823588 | 10823588 | 8126456 | 2697132 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 166000 | 166000 | 49800 | 116200 |
| മെയിന്റനൻസ്, റോഡ് | | 5594000 | 5594000 | 1534561 | 4059439 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3251000 | 3251000 | 1754370 | 1496630 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8233030 | 8233030 | 3782718 | 4450312 |
| ജനറൽ പർപസ് ഫണ്ട് | 0 | 8,350,650 | 8,350,650 | 8,350,650 | 0 |

Sourceൽ നിന്നും Deduct ചെയ്ത തുകകളുടെ വിവരങ്ങൾ (2019-20)

| ക്രമ നം. | പ്രൊജക്ട് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | 246/21: 2018-19ൽ അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 438000 | Plan (GI) |
| 2 | 237/21: സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) ഹഡ്കോ വായ്പ | 882353 | Plan (GI) |
| 3 | 238/21: സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) ഹഡ്കോ വായ്പ | 882353 | Plan (GI) |
| | വികസന ഫണ്ട് (ജനറൽ) ആകെ | 2202706 | |
| 5 | 245/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 29412 | Plan (SCP) |
| | വികസന ഫണ്ട് (എസ്.സി.പി) ആകെ | 29412 | |

പൊരുത്തപ്പെടുത്തൽ :

| | | | |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | ACR പ്രകാരം വരവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
| | 8566983 | 2202706 | 10769689 |
| | AFS പ്രകാരം ചെലവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
| | 8457348 | 2202706 | 10660054 |
| | | | |
| വികസന ഫണ്ട് - (എസ്.സി.പി) | ACR പ്രകാരം വരവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
| | 10823588 | 29412 | 10853000 |
| | AFS പ്രകാരം ചെലവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
| | 8126456 | 29412 | 8155868 |

കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| NREGS | Admin | 8686 | 1,259,557 | 1268243 | 1268076 | 167 |
| | EFMS | 0 | 13686437 | 13686437 | 13686437 | 0 |
| | ആകെ | 8686 | 14945994 | 14954680 | 14954513 | 167 |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS | 1360130 | 738,126 | 2098256 | 1205549 | 892707 |

| | | | | | |
|---|---|---|---|---|---|
| TSC-Co Bank | 383,660 | 0 | 383660 | 0 | 383660 |
| TSC | 2487602 | 0 | 2487602 | 284000 | 2203602 |

TSC Opening Balance AFSൽ 20,00,000/- മാത്രമാണ് കാണിച്ചത്. യഥാർത്ഥത്തിൽ ₹.2487602/- മുന്നിരിപ്പുണ്ട്. TSC ഇനത്തിൽ ₹383,660/- വർഷങ്ങളായി Co-op Bankൽ കിടക്കുന്ന തുക ചെലവഴിക്കാതെ പ്രത്യേക അക്കൗണ്ടിൽ ഇപ്പോഴും അവിടെയുണ്ട്.

സംസ്ഥാനാവിഷ്കൃതം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 0 | 1,300,000 | 1300000 | 1,200,000 | 1000000 |
| നിർമ്മൽ പുരസ്കാർ | 179125 | 0 | 179125 | 0 | 179125 |
| ജലനിധി | 915753 | 32,560 | 948313 | 71 | 948242 |

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ അതാതുവർഷം ചെലവഴിച്ച് ഗ്രാമ പഞ്ചായത്തിന്റെ വികസനം ഉറപ്പാക്കണം.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 26077997 | 110 | 53915319 | - | 86 | 56 |

## 1-5-1 നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് ശതമാനം വിലയിരുത്തൽ

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 8663200 | 1 | 4514048 | 52.11 |
| വെറ്റിനറി സർജൻ | 9 | 3398600 | 9 | 1780547 | 52.39 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 9 | 2083468 | 6 | 1065973 | 51.16 |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 1000000 | 2 | 1000000 | 100 |
| വി.ഇ.ഒ | 4 | 21787400 | 4 | 16245800 | 74.57 |
| വി.ഇ.ഒ II | 9 | 28616888 | 8 | 11859500 | 41.44 |
| ICDS സൂപ്പർ വൈസർ | 5 | 3497776 | 4 | 2928912 | 83.74 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 350000 | 0 | 0 | 0 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 26 | 6685800 | 18 | 4768590 | 71.32 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 119 | 26077997 | 52 | 8656098 | 33.19 |
| ഹെഡ് മാസ്റ്റർ | 6 | 1446339 | 6 | 1095851 | 75.77 |
| | 196 | 103607468 | 110 | 53915319 | 52.04 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8686 | 1259557 | 1268243 | 1268076 | 167 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 13686437 | 13686437 | 13686437 | 0 |
| ആകെ | 8686 | 14945994 | 14954680 | 14954513 | 167 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. യഥാർത്ഥത്തിൽ പെൻഷൻ ഇനത്തിൽ നൽകിയ തുകയല്ല വാർഷികകണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സേവന പ്രകാരം നൽകിയ തുകയുടെയും വാർഷികകണക്ക് പ്രകാരമുള്ള തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | വാർഷിക കണക്ക് പ്രകാരം ചെലവ് രേഖപ്പെടുത്തിയ തുക | സേവന സോഫ്റ്റ് വെയർ പ്രകാരം യഥാർത്ഥത്തിൽ നൽകിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 2482200 | 4077000 | 718 |
| 2 | വിധവാ പെൻഷൻ | 3475800 | 5748600 | 985 |
| 3 | വാർദ്ധക്യകാല പെൻഷൻ | 3372900 | 5613300 | 981 |
| 4 | വികലാംഗ പെൻഷൻ | 722000 | 1174600 | 203 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 229200 | 373200 | 66 |
| 6 | തൊഴിൽരഹിത വേതനം | 35760 | 35760 | 39 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-01-2022 -ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 12,983/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബജറ്റ് തയ്യാറാക്കുന്നത് ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾക്കനുസരണമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതിൽ പറയുന്ന സമയക്രമമനുസരിച്ച് പദ്ധതി രൂപികരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിന് മുൻപ് വിശദമായി പരിശോധിച്ച് കൃത്യത ഉറപ്പാക്കുകയും എല്ലാ രജിസ്റ്ററുകളും കാലികമാക്കി സാക്ഷ്യപ്പെടുത്തുകയും വേണം.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ അതാത് വർഷം തന്നെ വിനിയോഗിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിങ് കമ്മറ്റികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വസ്തു നികുതി അസസ് ചെയ്യുന്നതിൽ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

കാർഷിക മേഘലയിലെ പ്രൊജക്റ്റുകൾ നടപ്പാക്കുന്നതിൽ കാര്യക്ഷമത കാണിക്കേണ്ടതും സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതം പാഴാക്കാതെ വിനിയോഗിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതുമാണ്.
മൃഗസംരക്ഷണ മേഘലയിലെ പ്രൊജക്റ്റുകൾ നടപ്പാക്കുമ്പോൾ സബ്സിഡി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

വാങ്ങലുകൾ പ്രക്യർമെന്റ് മാർഗരേഖപ്രകാരം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

മെയിന്റനൻസ് ഗ്രാന്റുകളുടെ വിനിയോഗത്തിൽ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി ഫണ്ടിന്റെ വിനിയോഗത്തിലും സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതും പദ്ധതി ലക്ഷ്യം കൈവരിച്ച എന്നുറപ്പാക്കാൻ മോണിറ്ററിങ് കാര്യക്ഷമമാക്കേണ്ടതുമാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളും പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകളും പാലിക്കണം.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.12.2021 | നവമ്പർ 2021 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.03.2019 | 2016-17 സപ്ലിമെന്ററി ഓഡിറ്റ് | 9.5.2019 |

അക്കൗണ്ടന്റ് ജനറലിന്റെ 2016-17 വർഷത്തെ സപ്ലിമെന്ററി ഓഡിറ്റ് തീർപ്പാക്കിയിട്ടുണ്ട്.

പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടുചെയ്യുന്ന അപാകങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## 1-11 വസ്തുനികുതി ഡാറ്റാബേസിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

വസ്തുനികുതി നിർണ്ണയ സോഫ്റ്റ്‌വെയറായ സഞ്ചയയുടെ ഡാറ്റാബേസിലെ കൃത്യത പരിശോധനയ്ക്ക് വിധേയമാക്കിയതിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-11-1 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം തുടരുന്നു

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള

അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടത്തെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം ഉണ്ടാവുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | വ്യത്യാസം/ നഷ്ടം |
|---|---|---|---|---|---|
| 4/265 | ചന്ദ്രിക മുതൽപ്പേർ, ചെട്ടിത്തറ, വട്ടേക്കാട് | 106.3 | 106.3x40= 4252<br>ഇളവ്- 70%<br>(മേഖല- 10%<br>മേൽക്കൂര-10%<br>കാലപ്പഴക്കം-50%)<br>വർദ്ധനവ്- ഇല്ല<br>ARV പ്രകാരമുള്ള നികുതി- 974<br>BT- 1276<br>LC- 64<br>Total- 1340 | 106.3x60= 6378<br>ഇളവ്- 70%<br>(മേഖല- 10%<br>മേൽക്കൂര-10%<br>കാലപ്പഴക്കം-50%)<br>വർദ്ധനവ്- ഇല്ല<br>ARV പ്രകാരമുള്ള നികുതി- 974<br>BT- 1914<br>LC- 96<br>Total- 2010 | 670/-<br>(2013 First Half മുതൽ) |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.12/24.01.2022-ന് വസ്തുനികുതി നിയമാനുസൃതം നിർണ്ണയം നടത്തി ക്രമീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

വസ്തുനികുതി പുനർനിർണ്ണയിച്ച് ഫോറം 6 പരിശോധനക്ക് ഹാജരാക്കേണ്ടതും പുതുക്കിയ നികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കേണ്ടതുമാണ്.

### 1-11-2 റസിഡൻഷ്യൽ ഹോംസ്റ്റേ കെട്ടിടങ്ങൾക്ക് ബാധകമായ നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 08-09-2020 പ്രകാരം 'റസിഡൻഷ്യൽ ഹോം സ്റ്റേ' എന്ന ഉപയോഗക്രമത്തിന് കുറഞ്ഞത് 10 രൂപയും കൂടിയ നിരക്ക് 25 രൂപയും നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനനുസൃതമായി ഗ്രാമപഞ്ചായത്തിൽ ബാധകമാക്കേണ്ട നികുതി നിരക്ക് നിശ്ചയിക്കുകയോ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതത് സ്ഥാപനങ്ങൾ നിശ്ചയിച്ച് സഞ്ചയയിൽ ചേർക്കുന്നതിൽ വരുത്തുന്ന വീഴ്ച നികുതി തെറ്റായി നിർണ്ണയിക്കുന്നതിനിടയാക്കുന്നതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.12/24.01.2022-ന് 15.02.2022-ലെ ഭരണസമിതിയുടെ 13(1) നമ്പർ തീരുമാനം 'റസിഡൻഷ്യൽ ഹോം സ്റ്റേ' ഉപയോഗക്രമത്തിന് വസ്തുനികുതി നിശ്ചയിച്ച് സഞ്ചയയിൽ ചേർത്തിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.

### 1-12 കാർഷിക മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്

2019-20 വർഷം ചുവടെ ചേർക്കുന്ന പദ്ധതികളാണ് കാർഷിക മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ളത്.

| ക്രമ നം | പദ്ധതിയുടെ നം./പേര്/ വിഭാഗം | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 82/20 നെൽകൃഷിക്ക് കൂലിചിലവിന് സബ്സിഡി (പൊതുവിഭാഗം) | 20,00,000 (പൊതു)<br>2000 (തനത് ഫ.)<br>24,50,000 (ബ്ലോക്ക്)<br>35,00,000 (ജില്ലാ)<br>175000 (മറ്റുള്ളവ)<br>ആകെ 8127000 | 20,00,000(പൊതു)<br>2000(തനത്.ഫ.)<br>24,50,000 (ബ്ലോക്ക്)<br>62048 (ജില്ലാ)<br>0 (മറ്റുള്ളവ)<br>ആകെ 4514048 |
| 2 | 115/20 എസ്.സി വിഭാഗം കുടുംബാംഗങ്ങൾക്ക് ഗ്രോ ബാഗും പച്ചക്കറി തൈകളും വിതരണം (പട്ടികജാതി) | 150000 (എസ്സിപി)<br>50000 (മറ്റുള്ളവ)<br>ആകെ 200000 | 0 |
| 3 | 121/20കാർഷിക ഉപകരണങ്ങൾ വാങ്ങൽ (പട്ടികജാതി) | 50000(എസ്സിപി)<br>50000 (മറ്റുള്ളവ)<br>ആകെ 100000 | 0 |
| 4 | 122/20 തരിശിട്ട ഭൂമിയിൽ സംഘം അടിസ്ഥാനത്തിൽ നെല്ല്, പച്ചക്കറി, വാഴ കൃഷികൾ (പട്ടികജാതി) | 100000 (എസ്സിപി) | 0 |
| 5 | 141/20 തരിശിട്ട ഭൂമിയിൽ സംഘം അടിസ്ഥാനത്തിൽ നെല്ല്, പച്ചക്കറി, വാഴ കൃഷികൾ (പട്ടികവർഗ്ഗം) | 100200 (ടിഎസ്പി) | 0 |
| 6 | കാർഷിക ഉപകരണങ്ങൾ വാങ്ങൾ (പട്ടികവർഗ്ഗം) | 16000 (ടിഎസ്പി)<br>2000 (തനത്ഫണ്ട് )<br>18000 (മറ്റുള്ളവ)<br>ആകെ 36000 | 0 |

മേൽ ചേർത്തവയിൽ 'നെൽകൃഷിക്ക് കൂലിചെലവിന് സബ്സിഡി' എന്ന പദ്ധതി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്.

സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.18 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.7 പ്രകാരം ചെറുകിട/നാമമാത്ര കർഷകർക്ക് നെൽകൃഷിക്ക് കൂലിചെലവ് സബ്ഡിഡി ഇനത്തിൽ ഭൂവിസ്തൃതിക്ക് ആനുപാതികമായി ഒരു ഹെക്ടറിന് പരമാവധി 17000/- രൂപ ധനസഹായം നൽകാവുന്നതാണ്. എന്നാൽ 25 പാടശേഖരസമിതികളിലായി ആകെ 700 ഹെക്ടർ സ്ഥലത്തെ നെൽകൃഷിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം 2860/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3500/-, ജില്ലാ

പഞ്ചായത്ത് വിഹിതം 5000/- എന്നിവ ഉൾപ്പെടെ ഹെക്ടർ ഒന്നിന് ആകെ 11360/- രൂപ നൽകുന്നതിന് മാത്രമാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അർഹമായ മുഴുവൻ ആനുകൂല്യവും കർഷകർക്ക് ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല.

2019-20 വർഷത്തെ അവസ്ഥാ രേഖ (സ്റ്റാറ്റസ് റിപ്പോർട്ട്) പ്രകാരമുള്ള ഗ്രാമപഞ്ചായത്തിലെ കൃഷിയോഗ്യമായ ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നെൽവയൽ | 1340 ഹെക്ടർ |
| കൃഷിയോഗ്യമായ | 1340 ഹെക്ടർ |
| കൃഷിചെയ്യുന്നവ | 969 ഹെക്ടർ |
| സ്ഥായിയായ തരിശ് | 62 ഹെക്ടർ |
| ഒരുപ്പൂ തരിശ് | 152 ഹെക്ടർ |
| ഇരുപ്പൂ തരിശ് | 121 ഹെക്ടർ |
| പരിവർത്തനപ്പെടുത്തിയ തരിശ് | 62 ഹെക്ടർ |
| കൃഷിയോഗ്യമായ കരഭൂമി | 134 ഹെക്ടർ |
| കൃഷിചെയ്യുന്നവ | 92ഹെക്ടർ |
| തോട്ടവിളകൾ | 64 ഹെക്ടർ |
| വാർഷിക വിളകൾ | 30 ഹെക്ടർ |

സ്റ്റാറ്റസ് റിപ്പോർട്ടിലെ പ്രൊജക്ട് ആശയങ്ങളിൽ തരിശുഭൂമിയിൽ കൃഷി ചെയ്യിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് മുൻഗണന നിർദ്ദേശങ്ങളുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പ് തലത്തിലോ സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലോ ഉയർന്നു വന്നിട്ടില്ല.

2019-20 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ തെങ്ങ്കൃഷി സംരക്ഷണത്തിന് പദ്ധതികൾ ആവിഷ്കരിക്കുക, പച്ചക്കറി കൃഷിക്ക് ഉഴവുകൂലി, വളം സബ്സിഡി എന്നിവയ്ക്ക് തുക വകയിരുത്തുക, കാർഷിക ഉപകരണങ്ങൾ ലഭ്യമാക്കുക എന്നീ നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഭരണസമിതിയുടെ 26.07.2019 ലെ 1(1) നമ്പർ തീരുമാനം പ്രകാരം കാർഷിക ഉപകരണങ്ങൾ വാങ്ങൽ, ഗ്രോബാഗും പച്ചക്കറിതൈകളും വിതരണം ചെയ്യൽ, പുല്ലുവെട്ടിയന്ത്രം, മോട്ടോർ പമ്പ്സെറ്റ് വിതരണം എന്നീ പദ്ധതികൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ എന്നിവ പ്രകാരം കർഷകർക്ക് പരമാവധി ആനുകൂല്യം ലഭ്യമാവുന്ന വിധത്തിൽ പ്രൊജക്ടുകൾ രൂപീകരിക്കാത്തതിന്റെയും ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കാത്തതിന്റെയും കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 06/19.01.2022-ന് എസ്.സി/എസ്.ടി മേഖലയിലാണ് പദ്ധതികൾ ആസൂത്രണം ചെയ്തതെന്നും ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതിനാലാണ് പദ്ധതികൾ ഉപേക്ഷിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സ്റ്റാറ്റസ് റിപ്പോർട്ടിലെ പ്രൊജക്ട് ആശയങ്ങൾ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും ചർച്ച ചെയ്ത് പ്രേജക്ടുകൾ ആവിഷ്കരിക്കേണ്ടതും ഗുണഭോക്താക്കളെ നിശ്ചയിക്കേണ്ടതുമാണ്. ആവിഷ്കരിച്ച പദ്ധതികളുടെ നിർവഹണ പുരോഗതി ഭരണ സമിതി മോണിറ്റർ ചെയ്യേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 കന്നുകുട്ടി പരിപാലന പദ്ധതി- പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രോജക്റ്റ് നം./പേര് : 152/20- കന്നുകുട്ടി പരിപാലന പദ്ധതി (പട്ടികജാതി) (SO)

അടങ്കൽ : 200000 (വികസനഫണ്ട് SCP)

200000 (ഗുണഭോക്തൃ വിഹിതം- നേരിട്ട്)

ആകെ 400000/-

ചെലവ് : 200000/-(വികസനഫണ്ട് SCP)
ബിൽ നം. 01/2019-20 തീയതി 23.05.2019
പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 16 ഗുണഭോക്താക്കൾക്ക് 2,00,000/-രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അസിസ്റ്റന്റ് ഡയറക്ടർക്ക് NEFT മുഖേന കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നം. 714021400000008). കന്നുകുട്ടി പരിപാലന പദ്ധതി സംബന്ധിച്ച മാർഗരേഖ ജി.ഒ(എം.എസ്)നം.11/2001 /മൃഗസംരക്ഷണം തീയതി 20-01-2001 പ്രകാരം സബ്സിഡിയായി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന തുകയുടെ ഭൗതികനേട്ട റിപ്പോർട്ട് പദ്ധതിയുടെ ജില്ലാ കോർഡിനേറ്റർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുണ്ട്. പദ്ധതിയുടെ പുരോഗതി വിവരങ്ങൾ ലഭ്യമാക്കുവാനുമായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/22.01.2022-ന് മറുപടി നൽകിയിട്ടില്ല.
പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-14 കറവ പശു വളർത്തൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പശു വളർത്തൽ വഴി സ്ത്രീകൾക്ക് വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രണ്ട് പദ്ധതികളാണ് വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം ബാങ്ക് ലോൺ മുഖേന ലഭ്യമാക്കി സബ്സിഡി തുകയും ചേർത്ത് ഓരോ കറവ പശു വീതം വാങ്ങിനൽകാനാണ് പദ്ധതികളിൽ വിഭാവനം ചെയ്തിട്ടുള്ളത്. നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ/ പേര് : 68/20 കറവ പശു വളർത്തൽ (വനിത)
അടങ്കൽ: 5,00,000 (വികസനഫണ്ട് പൊ.സാ)
5,00,000 (ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ)
ആകെ 10,00,000/-
ചെലവ് : 4,75,000/- (വികസനഫണ്ട് പൊ.സാ)
ചെലവിന്റെ വിശദാംശങ്ങൾ:

| ക്രമ നം. | ട്രഷറി ബിൽ നമ്പർ, തീയതി | തുക |
|---|---|---|
| 1 | C12/2019-20/22-01-2020 | 1,00,000 |
| 2 | C13/2019-20/22-01-2020 | 1,00,000 |
| 3 | C14/2019-20/22-01-2020 | 1,00,000 |
| 4 | C15/2019-20/22-01-2020 | 1,00,000 |
| 5 | C24/2019-20/15-02-2020 | 50,000 |
| 6 | C25/2019-20/15-02-2020 | 25,000 |
| | ആകെ | 4,75,000 |

പദ്ധതി പ്രകാരം 19 ഗുണഭോക്താക്കൾക്ക് സബ്സിഡി തുക 25000/-രൂപ വീതം (50% സബ്സിഡി) ആകെ 4,75,000/-രൂപ എലവഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കനാറാ ബാങ്ക് എലവഞ്ചേരി ശാഖയിലുള്ള 5781101001068 എന്ന അക്കൗണ്ട് നമ്പരിലേക്ക് ട്രാൻസ്ഫർക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.

2. പ്രോജക്ട് നമ്പർ/ പേര് : 70/20 കറവ പശു വളർത്തൽ (എസ്.സി.വനിത)
അടങ്കൽ: 9,80,000 (വികസനഫണ്ട് എസ്.സി.പി)
4,20,000 (ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ)
ആകെ 14,00,000/-
ചെലവ് : 7,35,000/- (വികസനഫണ്ട് എസ്.സി.പി)
ചെലവിന്റെ വിശദാംശങ്ങൾ:

| ക്രമ നം. | ട്രഷറി ബിൽ നമ്പർ, തീയതി | തുക |
|---|---|---|
| 1 | C2/2019-20/22-01-2020 | 70,000 |
| 2 | C3/2019-20/22-01-2020 | 70,000 |

| | | |
|---|---|---|
| 3 | C4/2019-20/22-01-2020 | 70,000 |
| 4 | C5/2019-20/22-01-2020 | 70,000 |
| 5 | C6/2019-20/22-01-2020 | 70,000 |
| 6 | C7/2019-20/22-01-2020 | 70,000 |
| 7 | C8/2019-20/22-01-2020 | 70,000 |
| 8 | C9/2019-20/22-01-2020 | 70,000 |
| 9 | C10/2019-20/22-01-2020 | 35,000 |
| 10 | C11/2019-20/22-01-2020 | 35,000 |
| 11 | C26/2019-20/18-02-2020 | 70,000 |
| 12 | C27/2019-20/18-02-2020 | 35,000 |
| | ആകെ | 7,35,000 |

പദ്ധതി പ്രകാരം 21 ഗുണഭോക്താക്കൾക്ക് സബ്സിഡി തുക 35000/-രൂപ വീതം (75% സബ്സിഡി) ആകെ 7,35,000/-രൂപ എലവഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കനാറാ ബാങ്ക് എലവഞ്ചേരി ശാഖയിലുള്ള 5781101001068 എന്ന അക്കൗണ്ട് നമ്പരിലേക്ക് ട്രാൻസ്ഫർക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗരേഖ സ.ഉ(കൈ)22/2018/ത.സ്വ.ഭ.വ തീയതി 14/02/2018 ഖണ്ഡിക 6.2 കുറിപ്പ് 3 -ൽ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ചെർമാനായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റി ആയിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടതെന്നും പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാമെന്നും പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ പശുക്കളെ വാങ്ങുന്നതും സംബന്ധിച്ച പർച്ചേസ് കമ്മിറ്റിയുടെ തീരുമാനം ഫയലിൽ ചേർത്തിട്ടുണ്ടെങ്കിലും പ്രോക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ വാങ്ങലുകൾക്ക് അംഗീകാരം നൽകിയതായി രേഖപ്പെടുത്തലുകളില്ല. പശുക്കളുടെ പ്രായം, ഗുണനിലവാരം എന്നിവ സംബന്ധിച്ച രേഖകൾ ഫയലിലില്ല.
2. സബ്സിഡി മാർഗരേഖ ഖണ്ഡിക 6.2 കുറിപ്പ് 5-ൽ ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സബ്സിഡി തുക ബാങ്കിലേക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. ബാങ്ക്, ഗുണഭോക്താക്കൾക്ക് 50000/- രൂപ വീതം ലോൺ അനുവദിച്ച് നൽകി. ഉരുക്കളെ വാങ്ങിക്കുന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.
3. ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുന്നതാണ് എന്ന് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.
4. എലവഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുമായി ലോൺ സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിൽപ്പന നടത്തിയവരുടെ അക്കൗണ്ടിലേക്ക് തുക കൈമാറി എന്ന ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/22.01.2022 -ന് ഓരോ പശുവിനേയും വാങ്ങുന്നത് സംബന്ധിച്ച് പഞ്ചായത്ത് പ്രസിഡന്റ്, വെറ്ററിനറി സർജൻ, രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവരടങ്ങുന്ന പർചേസിംഗ് കമ്മിറ്റിയാണ് തീരുമാനം എടുത്തതെന്നും ഗുണഭോക്താക്കൾക്ക് സഹകരണ ബാങ്ക് 50000/- രൂപ വായ്പ അനുവദിക്കുകയും 15000/- രൂപ മാത്രം തിരിച്ചടക്കുന്ന സാഹചര്യവുമുള്ളതിനാലാണ് ഈ മാർഗ്ഗം കൈക്കൊണ്ടതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ഗുണഭോക്താക്കളുമായി ഏർപ്പെട്ട കരാർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. എലവഞ്ചേരി സർവീസ് സഹകരണ ബാങ്കിൽ നിന്നും ലോൺ വിതരണം ചെയ്തത് സംബന്ധിച്ച രേഖകളും തുക വിൽപ്പന നടത്തിയ ആളുടെ അക്കൗണ്ടിലേക്ക് കൈമാറിയത് സംബന്ധിച്ച രേഖകളും ഹാജരാക്കേണ്ടതാണ്.

രേഖകൾ ഹാജരാക്കുന്നതുവരെ ആകെ 4,75,000+7,35,000= 12,10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

പ്രോജക്ട് നം -210/20

അടങ്കൽ -120000/-വികസന ഫണ്ട്-100000, തനത് ഫണ്ട്-20000

| ക്രമ നം. | ബിൽ നം. | തുക | ചെലവിന്റെ വിശദാംശം |
|---|---|---|---|
| 1 | 11/17.8.19 | 80258/- | 2ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ ടി മിഷന് തുക മുൻകൂറായി നൽകിയത്-കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടുണ്ട്. |
| | 13/21.8.19 | 682/- | |
| 2 | 2279866/12.3.20 | 25118 (തനത് ഫണ്ട്) | 3 പ്രിന്ററുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ ടി മിഷന് തുക മുൻകൂറായി നൽകിയത് |
| | 27/4.2.20 | 19060 | |

ഈ പ്രൊജക്ട് നിർവ്വഹിച്ചതുമായി ബന്ധപ്പെട്ടുള്ള അപാകതകൾ താഴെ ചേർക്കുന്നു.

പ്രൊഫോർമ ഇൻവോയിസ് നം.9422/27.9.19 അനുസരിച്ച് 3 പ്രിന്ററുകൾക്ക് 14726/- രൂപ വിലകണക്കാക്കി ക്രമ നം. 2ലെ ബില്ലുകൾ പ്രകാരം പ്രിന്ററുകൾ വാങ്ങുന്നതിന് തുക മുൻകൂറായി അനുവദിച്ചു. തുക നൽകിയതിനുശേഷം കോവിഡിന്റെ സാഹചര്യത്തിൽ പ്രിന്റർ ലഭ്യമാക്കാൻ കാലതാമസം ഉണ്ടാകുമെന്ന് കെൽട്രോൺ അറിയിച്ചു. പിന്നീട് കെൽട്രോണിൽ നിന്നുമുള്ള പുതുക്കിയ പ്രൊഫോർമ ഇൻവോയിസ് നം.22984/3.3.21 പ്രകാരം രണ്ട് പ്രിന്ററിന് 40036 രൂപ ആവുമെന്ന് അറിയിച്ചിട്ടുണ്ട്. പ്രിന്ററുകൾ ലഭ്യമാകുന്നതിൽ കാലതാമസം നേരിട്ടത് മൂലം കത്ത് നം.എ3-5200/19, 30.7.20 പ്രകാരം തുക തിരികെ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് കത്ത് നൽകിയതിനുശേഷം പുതുക്കിയ നിരക്കിൽ പ്രിന്റർ വാങ്ങുവാൻ തീരുമാനിച്ച് അധിക നിരക്കിൽ പ്രിന്റർ വാങ്ങുകയുമാണ് ചെയ്തിട്ടുള്ളത്. കാലതാമസം ഉണ്ടായതിനാൽ 3 പ്രിന്ററിനു പകരം 2 എണ്ണം വാങ്ങിയതിനാൽ ആവശ്യകത നികത്താൻ കഴിയാതെ വരികയും വിലവ്യത്യാസം ഉണ്ടായതിനാൽ അധികനിരക്ക് നൽകേണ്ടി വരികയും ചെയ്തിരിക്കുന്നു.

തുക തിരികെ ലഭ്യമാവുന്നതിന് കാലതാമസം ഉണ്ടാവുമെന്ന് കെൽട്രോൺ അറിയിച്ചതിന്റെ അടിസ്ഥാനത്തിലും തുക ലഭ്യമായതിനുശേഷം CPRCS ൽ പ്രിന്റർ ലഭ്യമാണെങ്കിൽ ആയതിൽ നിന്നു തന്നെ വീണ്ടും പ്രിന്റർ വാങ്ങേണ്ടിവരും എന്നതിനാലുമാണ് ഉയർന്ന നിരക്കിൽ പ്രിന്റർ വാങ്ങിയതെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള (നം.5/19.1.2022) മറുപടിയിൽ അറിയിച്ചു.

ഇൻവോയിസ് നം.ITP/00921/21-22,14.6.21 അനുസരിച്ച് രണ്ട് പ്രിന്ററിന്റെ തുകയായ 40036/-കഴിച്ചുള്ള ബാക്കി തുക 4142/- രൂപ തിരികെ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയും തുക ലഭ്യമായിട്ടില്ല. പ്രസ്തുത തുക ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

കെ എസ് ഇ ബി മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികൾക്കായി താഴെപ്പറയുന്ന തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പ്രൊജക്ട് നം. | പ്രൊജക്ട് | ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 204/20 | വട്ടേക്കാട് ജി യു പി സ്കൂളിലേക്കും ളുമ്പന കുടിവെള്ള പദ്ധതിയിലേക്കും 3ഫേസ് കണക്ഷൻ ലഭ്യമാക്കൽ | 8/26.7.19 വികസനഫണ്ട് | 41861 | അസി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലങ്കോട് |
| 2 | 26/20 | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റൽ | 25/25.1.20-44310/-<br>31/6.2.20-43475/-<br>33/24.2.20-36047/-<br>35/24.2.20-18617/-<br>36/11.3.20/-33111/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 175560 | അസി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലങ്കോട് |

ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.7/20.1.2022 )

1-17 പൊതുടാപ്പുകളുടെ വെള്ളക്കരം- പരിധി പാലിക്കാതെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ഒടുക്കി

പദ്ധതി നം.29/20,പൊതുടാപ്പുകളുടെ വെള്ളക്കരം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ഒടുക്കിയത്
പദ്ധതി നം.29/20, പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ
വാട്ടർ അതോറിറ്റിയുടെ 122 പൊതുടാപ്പുകൾ മുഖേന വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് പ്രതിമാസം 53375/- രൂപ അടവാക്കേണ്ടതുണ്ട്. പ്രസ്തുത തുക അതാത് മാസം തനത് ഫണ്ടിൽ നിന്നും ഒടുക്കിയതിനുശേഷം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ട്.

| ട്രഷറി ബിൽ നം. | തുക | റിമാർക്സ് |
|---|---|---|
| 16/6.12.2019 | 266875 | ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള തുക |
| 29/31.1.20 | 213500 | സെപ്തംബർ മുതൽ ഡിസംബർ വരെയുള്ള തുക |
| ആകെ | 480375 | |

2019-20 വർഷത്തെ ജനുവരി മുതൽ മാർച്ച് വരെയുള്ള തുക അടുത്തവർഷത്തെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്.

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗരേഖ ജി.ഒ (എം.എസ്) 330/2004/ ത സ്വ ഭ വ, തീയതി 9.12.2004 പ്രകാരം തനത് ചെലവുകൾക്ക് വിനിയോഗിക്കാവുന്ന തുക മെയിന്റനൻസ് ഗ്രാന്റിന്റെ 10% തുക മാത്രമാണ്. ആകെ മെയിന്റനൻസ് ഗ്രാന്റ് തുകയായ 8845000 രൂപയുടെ 10% തുകയായ 884500രൂപ മാത്രമാണ് ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാവുന്നത്.
10% പരിധിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്ന മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) തുകയിൽ നിന്ന് അധികരിച്ച് ചെലവുകൾ നടത്തിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| പദ്ധതി നം. | ചെലവഴിച്ച തുക |
|---|---|
| 37/20ആയുർവേദ മരുന്ന് വാങ്ങൽ | 800000 |
| 42/20 ഹോമിയോ മരുന്ന് വാങ്ങൽ | 200000 |
| വെള്ളക്കരം അടവാക്കൽ | 480375 |
| 28/20 കൈമാറിക്കിട്ടിയസ്ഥാപനങ്ങളുടെ ദൈനം ദിന ചെലവുകൾ | 125000 |
| ആകെ | 1605375 |

തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട ഈ ചെലവുകൾക്ക് മെയിന്റനൻസ് നോൺ റോഡ് ഗ്രാന്റിൽ നിന്നും തുക വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/18.1.2022) ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ മറുപടിയിൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക വകയിരുത്തൽ നടത്തിയപ്പോൾ 10% ത്തിൽ അധികരിച്ച് വകയിരുത്തൽ നടത്തിയത് ശ്രദ്ധയിൽ പെട്ടില്ല എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ഭാവിയിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-18 കുടുംബശ്രീ ജെ.എൽ,ജി ഗ്രൂപ്പുകളുടെ ടെയ്‌ലറിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല- പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിച്ചില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി കുടുംബശ്രീ ജെ.എൽ,ജി ഗ്രൂപ്പുകൾക്ക് സാമ്പത്തിക വളർച്ചയ്ക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിനായി 5 അംഗങ്ങൾ ഉൾപ്പെട്ട 8ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകുന്നതിനായി 2 പ്രോജക്ടുകൾ 2018-19 വർഷത്തിൽ ആവിഷ്കരിച്ചെങ്കിലും 2019-20 വർഷത്തിൽ സ്പിൽ ഓവറാക്കിയാണ് നടപ്പാക്കിയിട്ടുള്ളത്. ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ലക്ഷ്യമിട്ട പരിശോധനയിൽ കണ്ടെത്തിയ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| ക്രമ നം | പ്രോജക്ട് നം, പേര് | അടങ്കൽ/ ചെലവ് | ഫണ്ടിനം | |
|---|---|---|---|---|
| | | | വികസന ഫണ്ട് (ജനറൽ) | വികസന ഫണ്ട് (എസ്.സി.പി) |

| | | | | |
|---|---|---|---|---|
| 1 | 195/20, കുടുംബശ്രീ ജെ.എൽ,ജി ഗ്രൂപ്പുകൾക്ക് ടെയ്‌ലറിംഗ്, റെഡിമെയ്ഡ് യൂണിറ്റ് (സ്പിൽ ഓവർ) | അടങ്കൽ | 200000 | - |
| | | ചെലവ് | 200000 | - |
| 2 | 196/20, എസ്.സി, കുടുംബശ്രീ ജെ.എൽ,ജി ഗ്രൂപ്പുകൾക്ക് ടെയ്‌ലറിംഗ്, റെഡിമെയ്ഡ് യൂണിറ്റ് (സ്പിൽ ഓവർ) | അടങ്കൽ | - | 300000 |
| | | ചെലവ് | - | 300000 |

സബ്സിഡി നൽകിയതിന്റെ വിവരം

ടെയ്‌ലറിംഗ് യൂണിറ്റുകൾക്കുള്ള സബ്സിഡി തുകകൾ കനറാ ബാങ്കിന്റെ എലവഞ്ചേരി ശാഖയിലേക്ക് നൽകുകയും ലോൺ തുക സഹിതം ഗ്രൂപ്പുകളുടെ അക്കൗണ്ടിലേക്ക് കൈമാറുകയുമാണ് ചെയ്തിട്ടുള്ളത്.

| ബിൽ നം./ തിയതി | തുക | തുക ലഭിച്ച അക്കൗണ്ടിന്റെ വിവരം |
|---|---|---|
| 10/03.02.20 | 200000 | കനറ ബാങ്ക്- എലവഞ്ചേരി ബ്രാഞ്ച് അക്കൗണ്ട് നം. 209272431 IFSC- CNRB0005781 |
| 7/14.11.19 | 300000 | |

രണ്ട് പ്രോജക്ടുകളിലുമായി 8 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ടെയ്ലറിംഗ് യൂണിറ്റ് സംരംഭം ആരംഭിക്കുന്നതിന് സബ്സിഡി നൽകിയിട്ടുണ്ട്. ഗ്രൂപ്പുകൾ ബാങ്ക് വായ്പ എടുക്കുകയും ജനറൽ, എസ്.സി എന്നീ കുടുംബശ്രീ യൂണിറ്റുകൾക്ക് യഥാക്രമം 50,000 രൂപ 75,000 രൂപ എന്നിങ്ങനെയായി സബ്സിഡി നൽകുകയും ചെയ്യുന്ന രീതിയിലാണ് പ്രോജക്ട് നടപ്പിലാക്കിയരിക്കുന്നത്.

കുടുംബശ്രീ യൂണിറ്റുകളുടെ വിശദാംശങ്ങൾ, ബാങ്ക് ലോൺ

| ക്രമ നം | പ്രോജക്ട് നം | കുടുംബശ്രീ യൂണിറ്റ് | സബ്സിഡി തുക | ലോൺ തുക | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 195/20 | ശ്രീദേവി | 50000 | 150000 | 200000 | 19.04.2021 ന് ലോൺ ക്ലോസ് ചെയ്തു. |
| 2 | | സൂര്യനന്ദ | 50000 | 150000 | 200000 | 30.07.2021 ന് ലോൺ ക്ലോസ് ചെയ്തു. |
| 3 | | ശ്രീലക്ഷ്മി | 50000 | 150000 | 200000 | 19.09.2021 ന് ലോൺ ക്ലോസ് ചെയ്തു. |
| 4 | | ശ്രീശക്തി | 50000 | 150000 | 200000 | 01.11.2021 ന് ലോൺ ക്ലോസ് ചെയ്തു. |
| 5 | 196/20 | നിലാവ് | 75000 | 225000 | 300000 | 18.01.2022 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 94,698 രൂപ ബാലൻസ് നിലനിൽക്കുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| 6 | | അംബാടി | 75000 | 225000 | 300000 | 28.07.2021 ന് ലോൺ ക്ലോസ് ചെയ്തു. |
| 7 | | ശുഭശ്രീ | 75000 | 225000 | 300000 | 13.01.2022 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 1,58,011 രൂപ ബാലൻസ് നിലനിൽക്കുന്നു. |
| 8 | | റെയിൻബോ | 75000 | 225000 | 300000 | 19.01.2022 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 1,77,148 രൂപ ബാലൻസ് നിലനിൽക്കുന്നു. |

3 ഗ്രൂപ്പുകൾ ലോൺ തിരിച്ചടയ്ക്കുന്നതിനായി അവശേഷിക്കുന്നുണ്ട്.

രേഖകളുടെ സൂക്ഷിപ്പ്

ഗ്രൂപ്പുകൾക്ക് മുൻ വർഷങ്ങളിൽ ആനുകൂല്യം നൽകിയിട്ടില്ല എന്നുറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ബാങ്ക് ലോൺ എടുത്തവർ തുക അടച്ച് തീർക്കുന്നതിന് നിശ്ചിത സമയ പരിധി നിശ്ചയിക്കുകയോ തിരിച്ചടവ് തുകകളുടെ വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

കുടുംബശ്രീ ടെയ്ലറിംഗ് യൂണിറ്റുകൾക്ക് വേണ്ടി സെക്രട്ടറി/ പ്രസിഡന്റും വി.ഇ.ഒ യും ചേർന്ന് ഒപ്പിട്ട കരാർ ഉടമ്പടി പ്രകാരം സബ്സിഡി തുകയും ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പ്പത്തുകയും ചേർന്നുള്ള തുകയിൽ നിന്നും ഗ്രൂപ്പിന്റെ ഭരണ ചെലവുകൾക്കായി വിനിയോഗിക്കുന്നതല്ല എന്നും തുക വിനിയോഗ റിപ്പോർട്ടും കണക്കും അതാതുമാസം 30 നകം ബന്ധപ്പെട്ട ചെയർപേഴ്സന്റെ/ മെമ്പർ സെക്രട്ടറിയെ ഏൽപ്പിക്കുന്നതാണ് എന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്.

എന്നാൽ വരവ് ചെലവ് കണക്കുകൾ അടക്കമുള്ള രേഖകൾ സൂക്ഷിക്കുന്നതിനോ മോണിറ്ററിംഗിന് വിധേയമാക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ല. ആയത് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ബാധിക്കുകയും സംരംഭങ്ങൾ അതിന്റെ രൂപീകരണ ലക്ഷ്യം കൈവരിക്കുന്നതിൽ വീഴ്ച്ചയുണ്ടാകുന്നതിനും ഇടയാക്കി.

സ്ഥല പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ

സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി 28.01.2022 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ 8 ഗ്രൂപ്പുകളും സന്ദർശിച്ചു. 8 യൂണിറ്റുകളും നിലവിൽ തുറന്ന് പ്രവർത്തിക്കുന്നില്ല എന്നും മെഷിനറികൾ യൂണിറ്റിൽ സൂക്ഷിക്കുന്നില്ല എന്നും ബോധ്യപ്പെട്ടു.

സബ്സിഡി, ലോൺ എന്നീ തുകകൾ വിനിയോഗിച്ച് സമാഹരിച്ച മെഷിനറികൾ ഗ്രൂപ്പിലെ അംഗങ്ങളുടെ വാസഗൃഹത്തിലേക്ക് മാറ്റുകയും പദ്ധതി പ്രകാരം ലക്ഷ്യമിട്ട ഉപജീവന മാർഗ്ഗം ഉപേക്ഷിച്ച് ഗ്രൂപ്പ് അംഗങ്ങളിൽ ചിലർ മറ്റുള്ളവ തിരഞ്ഞെടുത്ത് പ്രവർത്തിക്കുന്നതായും അധികൃതർ അറിയിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഗ്രൂപ്പംഗങ്ങളിൽ ചിലർ വാസഗൃഹത്തിൽ വച്ച് ടൈലറിംഗിലൂടെ ഉപജീവനം നടത്തുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ

1. ഗ്രൂപ്പുകൾക്ക് മുൻ വർഷങ്ങളിൽ ആനുകൂല്യം നൽകിയിട്ടില്ല എന്നുറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല
2. ബാങ്ക് ലോൺ എടുത്തവർ തുക അടച്ച് തീർക്കുന്നതിന് നിശ്ചിത സമയ പരിധി നിശ്ചയിക്കുകയോ തിരിച്ചടവ് തുകകളുടെ വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.
3. ലോൺ തിരിച്ചടവ് ഉൾപ്പടെയുള്ള വരവ് ചെലവ് കണക്കുകൾ കൃത്യമായി പരിശോധനയ്ക്ക് വിധേയമാക്കുന്നതിൽ വീഴ്ച്ചവരുത്തിയിട്ടുണ്ട്. നിലവിൽ 3 ഗ്രൂപ്പുകൾ ലോൺ തിരിച്ചടയ്ക്കുന്നതിനായി

അവശേഷിക്കുന്നുണ്ട്. ലോൺ തിരിച്ചടവാക്കുന്നതിലേക്ക് നടപടികൾ സ്വീകരിക്കുന്നില്ല.

4. ടെയ്‌ലറിംഗ് യൂണിറ്റ് ഗ്രൂപ്പംഗങ്ങൾ മുഴുവനും പങ്കാളികളാകുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും, സംരംഭങ്ങളുടെ പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും, വരവു ചെലവു കണക്കുകൾ അടക്കമുള്ള രേഖകൾ സൂക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല. കണക്കുകൾ അവതരിപ്പിക്കുന്നതിനും മോണിറ്ററിംഗിനുമായി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

5. 28.01.2022 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ 8 യൂണിറ്റുകളും പ്രവർത്തിക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. മെഷിനറികൾ ഗ്രൂപ്പിലെ അംഗങ്ങളുടെ വാസഗൃഹത്തിലേക്ക് മാറ്റിയതായി അധികൃതർ അറിയിച്ചിട്ടുമുണ്ട്. പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യവും, കരാർ ഉടമ്പടികളിലെ വ്യവ്സ്ഥകളും പാലിക്കാതെ സംരഭത്തിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചു.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (14/29.01.2022)

## 1-19 സാന്ത്വന പരിചരണ പദ്ധതി- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന, ദീർഘകാല ചികിത്സയും പരിചരണവും ആവശ്യമായ രോഗികളെ കണ്ടെത്തി അവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഇതിനായി സർക്കാർ ഒരു പാലിയേറ്റീവ് പരിചരണ നയം (Pain And Palliative Care Policy Of Kerala) (സ.ഉ.(പി)നം.109/2008/ആ.കു.ക്ഷേ.വ തീയതി 15.04.2008) രൂപീകരിക്കുകയും ആയതിനായുള്ള മാർഗ്ഗരേഖ 2009 -ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പാലിയേറ്റീവ് പരിചരണ പദ്ധതി നിർബന്ധിത പദ്ധതിയാക്കിക്കൊണ്ട് 2012 -ലും വിദഗ്ദ പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി 2015 -ലും പ്രസ്തുത മാർഗ്ഗരേഖ പരിഷ്കരിക്കുകയുണ്ടായി. ഉയർന്ന ആയുർദൈർഘ്യം, ജീവിത ശൈലിയിൽ വന്ന മാറ്റങ്ങൾ എന്നിവ കാരണം ദീർഘകാല രോഗങ്ങളുടേയും മാറാരോഗങ്ങളുടേയും വാർദ്ധക്യ സഹജമായ രോഗങ്ങളുടേയും തോത് വർദ്ധിച്ചതിനാൽ മുൻ മാർഗ്ഗരേഖയിൽ കാലോചിത മാറ്റങ്ങൾ വരുത്തി 07-03-2019 -ലെ സ.ഉ(സാധാ)നം.553/2019/തസ്വഭവ പ്രകാരം ആയത് വീണ്ടും പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2019-20 വർഷത്തിൽ എലവഞ്ചേരി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

| പ്രോജക്റ്റ് നമ്പരും പേരും | തുക വിനിയോഗം | | |
|---|---|---|---|
| | ഫണ്ടിനം | അടങ്കൽ (₹) | ചെലവ് (₹) |
| 35/2020പാലിയേറ്റിവ് പരിചരണ പരിപാടി | പ്ലാൻ ഫണ്ട് -ജനറൽ | 5,00,000 | 4,03,170 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3,00,000 | 1,49,840 |
| | ആകെ | 8,00,000 | 5,53,010 |

വകയിരുത്തിയ തുകയുടെ 70% ശതമാനം ചെലവഴിച്ചിട്ടുണ്ട്.

1. പഞ്ചായത്ത്തല പ്രവർത്തനങ്ങൾ

മാർഗ്ഗരേഖയ്ക്ക് അനുസൃതമായി ഗൃഹ കേന്ദ്രീകൃത പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രോഗികളുടെ വിവരങ്ങളടങ്ങുന്ന നോമിനൽ രജിസ്റ്റർ, ഫോളോ അപ്പ് രജിസ്റ്റർ, സന്ദർശന വിവരങ്ങളടങ്ങുന്ന രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. രോഗികൾക്ക് ആവശ്യമായ പരിചരണ സാമഗ്രികൾ വിതരണം ചെയ്തിട്ടുണ്ട്.

ആയുർവേദ ഡോക്ടറുടെ സേവനം രോഗികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഹോം കെയർ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്കുള്ള പരിശീലനവും നടപ്പിലാക്കിയിട്ടുണ്ട്. പാലിയേറ്റീവ് വാഹനമായി ഉപയോഗിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് വാടകയ്ക്കായി ഉപയോഗിച്ച് വരുന്നു.

രോഗികളുടേയും കുടുംബാംഗങ്ങളുടേയും ഒത്തുചേരലുകൾ നടത്തിയിട്ടില്ല. 2019-20 വർഷാവസാനത്തെ രോഗികളുടെ സ്ഥിതി വിവര കണക്ക് താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| രജിസ്റ്റർ ചെയ്ത ആകെ രോഗികൾ | 599 |
| രജിസ്റ്റർ ചെയ്ത രോഗികളിൽ മരണപ്പെട്ടവർ | 337 |
| രോഗം ഭേദമായവർ /ചികിത്സ നിർത്തിയവർ | 6 |
| ഫോളോ അപ്പ് രോഗികൾ | 114 |
| ഒ.പി യിൽ ചികിത്സ തേടുന്നവർ | 21 |
| സെക്കന്ററി കെയർ ഉള്ളവർ | 5 |
| ഫിസിയോ തെറാപ്പി ചെയ്യുന്നവർ | 2 |
| 60 വയസ്സിന് മുകളിലുള്ള രോഗികൾ | 75 |
| കാൻസർ രോഗികൾ | 38 |
| ഡയാലിസിസ് ചെയ്യുന്നവർ | 2 |
| മോർഫിൻ കഴിക്കുന്നവർ | 1 |

2. വാർഡ് /സബ്സെന്റർ തല പ്രവർത്തനങ്ങൾ

ദീർഘകാല പരിചരണം ആവശ്യമായി വരുന്ന രോഗികളെ ആശാവർക്കർമാരുടേയും മറ്റ് സന്നദ്ധ പ്രവർത്തകരുടേയും നേതൃത്വത്തിൽ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും രോഗികൾക്ക് പൂർണ്ണ മാനസിക ശാരീരിക പിന്തുണ ഉറപ്പാക്കുന്നതിനുവേണ്ടി സന്നദ്ധപ്രവർത്തകരുടെ സംഘങ്ങൾ വാർഡ് തലത്തിൽ രൂപീകരിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. വാർഡ് സമിതികൾ രൂപീകരിക്കുകയോ അവലോകന യോഗങ്ങൾ ചേരുകയോ ചെയ്തിട്ടില്ല. സബ്ബ് സെന്റർ തലത്തിലും യോഗങ്ങൾ ചേരുകയോ മറ്റ് പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.

3. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പിഎംസി) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. എന്നാൽ 2019-20 വർഷാരംഭത്തിൽ പിഎംസി പുനസംഘടിപ്പിച്ചിട്ടില്ല. ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും അംഗീകാരം നേടേണ്ടതുമാണ്. എന്നാൽ വരവ്-ചെലവുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടില്ല.

4. ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗങ്ങൾ

ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ മാസവും അവലോകന യോഗങ്ങൾ കൂടേണ്ടതാണ്. ഈ യോഗത്തിൽ അലോപ്പതി, ആയുഷ് ആശുപത്രികളുടെ പ്രവർത്തനങ്ങൾ, ആശാ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ ഉൾപ്പെടെ വിവിധ ആരോഗ്യ പദ്ധതികൾ, വാർഡ് ആരോഗ്യ അവലോകന സമിതികളുടെ പ്രവർത്തനം എന്നിവ അവലോകനം ചെയ്യേണ്ടതാണ്. ആയതിന് സ.ഉ(സാധാ)519/2019 /തസ്വഭവ തീയതി 07.03.2019 പ്രകാരം മാർഗ്ഗരേഖയും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 2019-20

വർഷത്തിൽ അവലോകന യോഗങ്ങൾ ചേർന്നിട്ടില്ല. എല്ലാ മാസവും യോഗങ്ങൾ ചേരേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

5. വിഭവ സമാഹരണം

ഹോം കെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമായി നടത്തുവാൻ പ്രാദേശിക വിഹിതം സമാഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. പി.എം.സിയ്ക്കായി ഒരു പ്രത്യക ബാങ്ക് അക്കൗണ്ട് ഉണ്ട്. പണമായോ സാധന സാമഗ്രികളായോ സംഭാവന സ്വീകരിക്കുന്നതിന് രശീതി തയ്യാറാക്കിയിട്ടില്ല.

6. മോണിട്ടറിംഗ്

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവരുടെ യോഗങ്ങളിൽ ഒരു അജണ്ടയായ ഉൾപ്പെടുത്തി പാലിയേറ്റീവ് കെയർ ചർച്ചചെയ്യണമെന്നും ഭരണ സമിതി വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ടയായി പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും അതിനനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല.
മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം. 1/13.01.2022)

1-20 ടെണ്ടർ ഡീവിയേഷൻ കുറവു ചെയ്യാതെ ബിൽ തുക അനുവദിച്ചത്

അസിസ്റ്റന്റ് എഞ്ചിനീയർ ടെണ്ടർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ അവസാന ബിൽ , ടെണ്ടർ വേരിയേഷൻ കുറവുചെയ്യാതെ നൽകിയയിനത്തിൽ അധികം നൽകിയ ₹3423/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കണം . വിശദവിവരം ചുവടെ കൊടുക്കുന്നു .

1)പ്രൊജക്റ്റ് നം.150/20(69/19) മലപ്പുറം പൊട്ടപാറ റോഡ്

കരാർ നം.43/17.8.18 കരാറുകാരൻ: ചന്ദ്രൻ. കെ

എസ്റ്റിമേറ്റ് തുക: 200,000/- കരാർ നിരക്ക് : 0.25% കുറവ്

ചെലവ് തുക: 200,000/- ബിൽ നം: 12/16.05.19

അളവുപുസ്തകം നം.35/18-19

| | അനുവദിക്കാവുന്നത് | അനുവദിച്ചത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 194174.76 | 194174.76 |
| + 3% GST Compensation | 5825.24 | 5825.24 |
| ആകെ | 200000 | 200000 |
| - ടെണ്ടർ വേരിയേഷൻ (0.25%) | 500 | 0 |
| അറ്റ തുക | 199500 | 200000 |

ടെണ്ടർ വേരിയേഷൻ ഇനത്തിൽ കുറവുചെയ്യേണ്ടത്: ₹500/-

2) പ്രൊജക്റ്റ് നം .173/20(42/19) മോടൻകാട് കോളനി റോഡ്

കരാർ നം.47/18.8.18 കരാറുകാരൻ: ദേവദാസ്. വി

എസ്റ്റിമേറ്റ് തുക: 200,000/-

കരാർ നിരക്ക് : 0.9% കുറവ്

ചെലവ് തുക: ₹199,799/- ബിൽ നമ്പർ: 25/15.07.2019

അളവുപുസ്തകം നം.38/18-19

| | അനുവദിക്കാവുന്നത് | അനുവദിച്ചത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 199799 | 199799 |
| - ടെണ്ടർ വേരിയേഷൻ (0.9%) | 1798.19 | 0 |
| അറ്റ തുക | 198001 | 199799 |

ടെണ്ടർ വേരിയേഷൻ ഇനത്തിൽ കുറവുചെയ്യേണ്ടത്: ₹1798/-

3. പ്രൊജക്റ്റ് നം .168/20(160/19) കുളപ്പുള്ളിപ്പാടം കുടിവെള്ള പദ്ധതി

കരാർ നം.50/26.10.17 കരാറുകാരൻ: ദേവദാസ്. വി

എസ്റ്റിമേറ്റ് തുക: 43,000/- കരാർ നിരക്ക് : 0.5% കുറവ്

ചെലവുതുക: ₹42,573/- ബിൽ നം. 26/15.07.2019

അളവുപുസ്തകം നം.100/17-18

| | അനുവദിക്കാവുന്നത് | അനുവദിച്ചത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 42573 | 42573 |
| - ടെണ്ടർ വേരിയേഷൻ(0.5%) | 213 | 0 |
| അറ്റ തുക | 42360 | 42573 |

ടെണ്ടർ വേരിയേഷൻ ഇനത്തിൽ കുറവുചെയ്യേണ്ടത്: ₹213/-

4. പ്രൊജക്റ്റ് നം .175/20(59/19) മണ്ഡപം കുടം പൊരുതംകോട് റോഡ്

കരാർ നം.2/9.8.18 കരാറുകാരൻ: ഭാർഗവൻ

എസ്റ്റിമേറ്റ് തുക: 250,000/- കരാർ നിരക്ക് : 0.25% കുറവ്

ചെലവ് തുക: 250,000/- ബിൽ നം: 27/15.07.19

അളവുപുസ്തകം നം.45/18-19, 44/18-19

| | അനുവദിക്കാവുന്നത് | അനുവദിച്ചത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 250000 | 250000 |
| - ടെണ്ടർ വേരിയേഷൻ(0.25%) | 625 | 0 |
| അറ്റ തുക | 249375 | 250000 |

ടെണ്ടർ വേരിയേഷൻ ഇനത്തിൽ കുറവുചെയ്യേണ്ടത്: ₹625/-

5. പ്രൊജക്ട് നം .179/20(86/19) തുമ്പന കുടിവെള്ള പദ്ധതി

കരാർ നം.21/9.8.18 കരാറുകാരൻ: ഉദയൻ. കെ

എസ്റ്റിമേറ്റ് തുക: 300,000/- കരാർ നിരക്ക് : 0.1% കുറവ്

ചെലവ്: 287,562/- ബിൽ നം. 28/23.7.19

അളവുപുസ്തകം നം.46/18-19

| | അനുവദിക്കാവുന്നത് | അനുവദിച്ചത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 287,562 | 287,562 |
| - ടെണ്ടർ വേരിയേഷൻ (0.1%) | 287 | 0 |
| അറ്റ തുക | 287275 | 287,562 |

ടെണ്ടർ വേരിയേഷൻ ഇനത്തിൽ കുറവുചെയ്യേണ്ടത്: ₹287/-

ഈ വിഷയം ഓഡിറ്റ് അന്വേഷണം നം.4.A/19-01-2022 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ടെണ്ടർ ഡീവിയേഷൻ കുറവുചെയ്യാൻ വിട്ടുപോയതാണെന്നും ഇത് ആവർത്തിക്കില്ലെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

അധികം നൽകിയ ആകെ തുക ₹3423/- (500+1798+213+625+287) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

1-21 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയതിൽ കുറവ്

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്.

ആദ്യം ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് ആകെ അനുവദിച്ച സമയത്തിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാതെ ബിൽ തുക അനുവദിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രൊജക്ട് നമ്പരും പേരും | 154/19(57/19): പനന്തുറവ് പൊട്ടക്കുളം റോഡ് |
| അടങ്കൽ | ₹150,000/- CFC |
| ചെലവ് തുക/ ബിൽ നമ്പർ | ₹149,383/- 18/11.6.19 |
| ആകെ പ്രവൃത്തിമൂല്യം/ അളവുപുസ്തകം | ₹149,383/- 36/18-19 |
| കരാർ നമ്പർ/ കരാർ തുക | 6/9.8.18 ₹144,649/- |
| കരാറുകാരൻ | ഹരിദാസ്. ആർ |
| PAC | ₹144,649/- |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയ്യതി | 8.1.2019 |
| പൂർത്തീകരിച്ച തീയ്യതി | 22.3.2019 |
| പിഴ: 9.1.19 മുതൽ 15.2.19വരെ | 144,649*1% = 1446/- |

| | |
|---|---|
| പിഴ: 16.2.19 മുതൽ 21.3.19 വരെ | 144,649*2% = 2893/- |
| പിഴ: ആകെ | ₹4339/- |
| ഈടാക്കിയ പിഴ | 0 |
| കുറവ് | ₹4339/- |

ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടിക്കിട്ടുന്നതിനായി കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല.

2.

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും | 160/20(180/19, 227/18): പാറശേരി അത്തിക്കോട് അങ്കണവാടി റോഡ് |
| അടങ്കൽ | ₹100,000/- MG(R) |
| ചെലവ് തുക/ ബിൽ നമ്പർ | ₹100,000/- 20/15.7.19 |
| ആകെ പ്രവൃത്തിമൂല്യം/ അളവുപുസ്തകം | ₹100,000/- 98/17-18 |
| കരാർ നമ്പർ/ കരാർ തുക | 70/5.3.18 ₹144,649/- |
| കരാറുകാരൻ | ചന്ദ്രൻ. കെ |
| PAC | ₹99,844/- |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയ്യതി | 4.9.18 |
| പൂർത്തീകരിച്ച തീയ്യതി | 21.3.2019 |
| പിഴ: 5.9.18 മുതൽ 4.12.18വരെ | 99,844*1% = 998/- |
| പിഴ: 5.12.18 മുതൽ 4.3.19 വരെ | 99,844*2% = 1997/- |
| പിഴ: ആകെ | ₹2995/- |
| ഈടാക്കിയ പിഴ | 0 |
| കുറവ് | ₹2995/- |

3.

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും | 168/20(92/18): കുളപ്പുള്ളിപ്പാടം കുടിവെള്ള |

| | |
|---|---|
| | പദ്ധതി |
| അടങ്കൽ | ₹43000/- Plan (SCP) |
| ചെലവ് തുക/ ബിൽ നമ്പർ | ₹42573/- 26/15.7.19 |
| ആകെ പ്രവൃത്തിമൂല്യം/ അളവുപുസ്തകം | ₹42573- 100/17-18 |
| കരാർ നമ്പർ/ കരാർ തുക | 50/26.10.17 ₹246,733/- |
| കരാറുകാരൻ | വി. രമേഷ് |
| PAC | ₹ 247,973/- |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയ്യതി | 31.3.18 |
| പൂർത്തീകരിച്ച തീയ്യതി | 25.1.2019 |
| പിഴ: 27.10.17 മുതൽ 3.12.17വരെ | 247,973*1% = 2480/- |
| പിഴ: 4.12.17 മുതൽ 10.1.18 വരെ | 247,973*2% = 4960/- |
| പിഴ: ആകെ | ₹7440/- |
| ഈടാക്കിയ പിഴ | 0 |
| കുറവ് | ₹7440/- |

അനുവദിച്ച സമയത്തിന്റെ പകുതി സമയം മാത്രമാണ് പരമാവധി നീട്ടിനൽകാവുന്നത് എന്നിരിക്കെ 9 മാസത്തിലധികം പൂർത്തീകരണം നീണ്ടിട്ടും നടപടിയൊന്നും സ്വീകിരിച്ചിട്ടില്ല. നിലവിലുള്ള തുറന്ന കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്യുന്നതിന് മോട്ടോർ, മോട്ടോർ ഷെഡ്ഡ്, വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ ഇവ സ്ഥാപിക്കാൻ ഉദ്ദേശിച്ച് ആവിഷ്കരിച്ച പ്രൊജക്ടിൽ മോട്ടോർ ഷെഡ്ഡും, കിണറും മോട്ടോർ ഷെഡ്ഡും ബന്ധിപ്പിക്കുന്ന പൈപ്പ് ലൈനും മാത്രം സ്ഥാപിച്ച് പദ്ധതി ഉപേക്ഷിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാനും, നിലവിൽ ഈ പദ്ധതിയുടെ അവസ്ഥ അറിയിക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.4.B.3/)മറുപടി താഴെ പറയും പ്രകാരമാണ്.

ടി പദ്ധതിയിൽ നിലവിലുള്ള തുറന്ന കിണറിൽ നിന്നും മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. തുറന്ന കിണറിലെ ജല ലഭ്യത കുറവായതിനാൽ ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ച ബോർവെൽ, മോട്ടോർ, മോട്ടോർ ഷെഡ്, ടാങ്ക് എന്നിവ ഉപയോഗപ്പെടുത്തി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ വാങ്ങിയ മോട്ടോർ ഉപയോഗിച്ച് കിണറിലെ വെള്ളം ആഴ്ചയിൽ ഒരു ദിവസം പമ്പ് ചെയ്ത് ഉപയോഗിക്കുന്നുണ്ട്.

4.

| | |
|---|---|
| പ്രൊജക്ട് നമ്പരും പേരും | പ്രൊജക്ട് നം.175/20(59/19) മണ്ഡപം കടം പൊരുതംകോട് റോഡ് |
| അടങ്കൽ | ₹250000/- CFC |
| ചെലവ് തുക/ ബിൽ നമ്പർ | 250,000/- 27/15.7.19 |
| ആകെ പ്രവൃത്തിമൂല്യം/ അളവുപുസ്തകം | ₹250,000- 45/18-19 |
| കരാർ നമ്പർ/ കരാർ | 2/9.8.18 ₹242,161/- |

| | |
|---|---|
| തുക | |
| കരാറുകാരൻ | ഭാർഗവൻ. സി |
| PAC | ₹ 242768/- |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയ്യതി | 8.2.19 |
| പൂർത്തീകരിച്ച തീയ്യതി | 21.3.2019 |
| പിഴ: 9.2.19 മുതൽ 26.3.19വരെ | 242768*1% = 2428/- |
| പിഴ: ആകെ | ₹2428/- |
| ഈടാക്കിയ പിഴ | 0 |
| കുറവ് | ₹2428/- |

5.

| | |
|---|---|
| പ്രൊജക്ട് നമ്പരും പേരും | പ്രൊജക്ട് നം.166/20 (41/18, 154/19): വൃദ്ധർക്ക് PHCൽ കാത്തിരിപ്പ് കേന്ദ്രം |
| അടങ്കൽ | ₹496,000/- Plan (Gl) |
| ചെലവ് തുക/ ബിൽ നമ്പർ | ₹ 495,725/- { ₹348852/- ബിൽ നം.31/30.9.19 & 146,873/- 2018-19) |
| ആകെ പ്രവൃത്തിമൂല്യം/ അളവുപുസ്തകം | ₹495,725/- 94/17-18, 101/17-18 |
| കരാർ നമ്പർ/ കരാർ തുക | 73/14.3.18 ₹495,836/- |
| കരാറുകാരൻ | ജയപ്രകാശ്. ജി |
| PAC | ₹495,836/- |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയ്യതി | 13.9.2018 |
| പൂർത്തീകരിച്ച തീയ്യതി | 5.4.2019 |
| പിഴ: 14.9.18 മുതൽ 28.10.18വരെ | 495,836*1% = 4958/- |
| പിഴ:29.10.18 മുതൽ 13.12.18 വരെ | 495,836*2% = 9917/- |
| പിഴ: ആകെ | ₹14875/- |
| ഈടാക്കിയ പിഴ | 0 |
| കുറവ് | ₹14,875/- |

ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടിക്കിട്ടുന്നതിനായി കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല.

പിഴ ഈടാക്കത്തത് ഓഡിറ്റ് അന്വേഷണം നം.4.B/19-01-2022, 8.II/21-01-2022പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട കരാറുകാരെ വിളിച്ച് പറഞ്ഞ് പിഴ ഈടാക്കുന്നതിനുള്ള ഏർപ്പാട് ചെയ്യാമെന്ന് മറുപടിയിൽ പരാമർശിച്ചിട്ടുള്ളത്.

പിഴയിനത്തിൽ ഈടാക്കേണ്ട ₹32077/- ( 4339+ 2995+ 7440+ 2428+14,875) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-22 ചരക്ക് സേവന നികുതി ഈടാക്കിയതിൽ കുറവ്

1. പ്രൊജക്ട് നം.170/21: പഞ്ചായത്ത് ഓഫീസ് അനുബന്ധ കെട്ടിട നിർമ്മാണം പൂർത്തീകരണം എന്ന പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം ₹994,596/- ആണ്. രണ്ട് ഭാഗങ്ങളായിട്ടാണ് ബിൽ തുക നൽകിയത് ആദ്യ പാർട്ട് ബില്ലിൽ നിന്നും സേവന നികുതി കുറവുചെയ്തിട്ടില്ല. രണ്ടാമത്തേതും അവസാനത്തേതുമായ ബില്ലിൽ നിന്നും ബിൽ തുകയായ ₹541704/-ന് ആനുപാതികമായി CGSTയും SGSTയും 5417/- വീതമാണ് ഈടാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4.C/19-01-2022) മറുപടി സമർപ്പിച്ചിട്ടില്ല.

2. പ്രൊജക്ട് നം.166/20 (41/18, 154/19): വൃദ്ധർക്ക് PHCൽ കാത്തിരിപ്പ് കേന്ദ്രം എന്ന പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം ₹ 495,725/- ആണ്. രണ്ട് ഭാഗങ്ങളായിട്ടാണ് ബിൽ തുക നൽകിയത് ആദ്യ പാർട്ട് ബില്ലിൽ നിന്നും സേവന നികുതി കുറവുചെയ്തിട്ടില്ല. രണ്ടാമത്തേതും അവസാനത്തേതുമായ ബില്ലിൽ നിന്നും ബിൽ തുകയായ ₹348852/-ന് (ബിൽ നം.31/30.9.19) ആനുപാതികമായി CGSTയും SGSTയും 3489/- വീതമാണ് ഈടാക്കിയിരിക്കുന്നത് (അളവു പുസ്തകം- 94/17-18, 101/17-18). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8.1./21-01-2022) സമർപ്പിച്ച മറുപടിയിൽ മെഷർമെന്റ് ബുക്കിൽ ബിൽ തയ്യാറാക്കുമ്പോൾ വിട്ടുപോയതാണെന്നും ഇത് ആവർത്തിക്കില്ല എന്നും പരാമർശിച്ചിട്ടുണ്ട്.
പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ അവസാന ബിൽ നൽകുമ്പോൾ കൃത്യത ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 അർഹതയില്ലാത്ത ഇനത്തിന് GST Compensation അനുവദിച്ചത് - അധികം നൽകിയ തുക തിരിച്ചടക്കണം

പ്രൊജക്ട് നം.177/20 (81/19): കണക്കൻകാട് പണിക്കർപൊറ്റ റോഡ് എന്ന പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ GST Compensation ഇനത്തിൽ ആകെ പ്രവൃത്തി മൂല്യത്തിന്റെ 5% തുക ₹8551/- അധികമായി നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പരും പേരും | പ്രൊജക്ട് നം.177/20 (81/19): കണക്കൻകാട് പണിക്കർപൊറ്റ റോഡ് |
| അടങ്കൽ | ₹200,000/- Plan (SCP) |
| ചെലവ് തുക/ ബിൽ നമ്പർ | ₹ 179576/-<br>ബിൽ നം.40/20.1.20 |
| ആകെ പ്രവൃത്തിമൂല്യം/ അളവുപുസ്തകം | ₹179,576/- 49/18-19 |
| കരാർ നമ്പർ/ കരാർ തുക | 29/9.8.18 ₹197,967/- |
| കരാറുകാരൻ | സിജു. എം.കെ |

| | |
|---|---|
| PAC | ₹197,967/- |
| എസ്റ്റിമേറ്റ് പ്രകാരം Side Protectionന്റെ അടങ്കൽ | 54570.65 |
| എസ്റ്റിമേറ്റ് പ്രകാരം Concreteന്റെ അടങ്കൽ | 143396/- |

സർക്കാർ ഉത്തരവ് (അച്ചടി) നം.87/2017/തസ്വഭവ തീയതി:1.11.17 ഖണ്ഡിക 4 പ്രകാരം, ഖണ്ഡിക 3ലെ പട്ടികയിലെ ഇനങ്ങൾ കൂടി ചേർന്ന് വരികയാണെങ്കിൽ ടി ഇനങ്ങളിൽ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന്റെ GST Compensation ആണ് നൽകേണ്ടത്. ഈ പ്രവൃത്തിയിൽ കൂടുതൽ അടങ്കൽ തുക വരുന്ന Concrete പ്രവൃത്തിക്ക് GST Compensation അനുവദിച്ചിട്ടില്ലാത്തതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 8.III/21-01-2022നുള്ള മറുപടിയിൽ ഇത് ബിൽ തുക കണക്കാക്കിയ തെറ്റാണെന്നും ഇത്തരം തെറ്റുകൾ ഒഴിവാക്കുമെന്നും സൂചിപ്പിച്ചിട്ടുണ്ട്.

അതിനാൽ GST Compensation ഇനത്തിൽ അധികം നൽകിയ ₹8551/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

1-24 പാർട്ട് ബിൽ നൽകി നാളിതുവരെ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കണം.

2019-20 വർഷം ആരംഭിച്ച താഴെ പറയുന്ന പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

| ക്രമ നം. | പ്രൊജക്ടിന്റെ നമ്പരും പേരും | അടങ്കൽ / ഫണ്ട് ഇനം/ അനുവദിച്ച സമയം | ചെലവ്/ ബിൽ നം. | പ്രവൃത്തി മൂല്യം/ അളവ് പുസ്തകം |
|---|---|---|---|---|
| 1 | 225/20: പൊരുതംകോട് ബോർവെൽ - പൈപ്പ് ലൈൻ ലിങ്കിങ് | 150,000/- CFC 4 മാസം | 123,969/- 47/13.3.20 | 23,969/- 29/19-20 |
| 2 | 231/20: വെങ്കായപ്പാറ ഇടവഴി റോഡ് ഇന്റർ ലോക്ക് | 120,000 CFC 6 മാസം | 80,738/- 48/13.3.20 | ₹80,738/- 27/19-20 |

1) 225/20: പൊരുതംകോട് ബോർവെൽ - പൈപ്പ് ലൈൻ ലിങ്കിങ് എന്ന പ്രവൃത്തിയിൽ ബോർ വെൽ കുഴിച്ച് കേസിങ് പൈപ്പ് ഇട്ടിട്ടുണ്ട്. എന്നാൽ ഇത് ജല സ്രോതസുമായോ വാട്ടർ ടാങ്കുമായോ മോട്ടോറുമായോ ബന്ധിപ്പിച്ചിട്ടില്ല.

2) 231/20: വെങ്കായപ്പാറ ഇടവഴി റോഡ് ഇന്റർ ലോക്ക് എന്ന പ്രവൃത്തിയിൽ നിലം ക്രമപ്പെടുത്തി ക്വാറി മക്ക് ഫില്ലിങ്ങും 1:2:4 സിമന്റ് കോൺക്രീറ്റിങ്ങും മാത്രമാണ് നടത്തിയത്.

ഈ കാര്യം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.8.iv/21-01-2022) മറുപടിയിൽ തൊട്ടടുത്ത വർഷം ഫണ്ട് കണ്ടെത്തും എന്ന രീതിയിൽ ആണ് പ്രവൃത്തികളുടെ പാർട്ട് ബിൽ നൽകിയത് എന്ന് മാത്രമാണ് പരാമർശിച്ചിരിക്കുന്നത്.

പാർട്ട് ബിൽ നൽകി മരാമത്ത് പ്രവൃത്തികൾ പാതി വഴിയിൽ ഉപേക്ഷിക്കുന്നത് ചെലവഴിച്ച തുക പാഴായിപ്പോകുന്നതിന് ഇടയാകും. പ്രവൃത്തികൾ പൂർത്തിയാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവഴിച്ച തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 പട്ടികവർഗ കോളനിയിലെ കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കാനായി ആവിഷ്കരിച്ച പദ്ധതി 5 വർഷം കഴിഞ്ഞിട്ടും ലക്ഷ്യം കൈവരിച്ചില്ല.

പട്ടിക വർഗ കോളനിയിൽ ഗുണഭോക്താക്കൾക്ക് കുടിവെള്ളമെത്തിക്കാനായി ആവിഷ്കരിച്ച പദ്ധതി 5 വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാനായിട്ടില്ല. വികസന ഫണ്ട് (ടി.എസ്.പി) ഇനത്തിൽ 2019-20ൽ ലഭ്യമായ തുകയുടെ 70%വും 2020-21ൽ ലഭ്യമായ തുകയുടെ 100%വും ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയപ്പോഴും ഈ പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിക്കാനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

2016-17ൽ ആവിഷ്കരിച്ച 131/17: പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ എന്ന പ്രവൃത്തി 24.4.18ന് പൂർത്തീകരിച്ച് അവസാന ബിൽ തുക നൽകുന്നതിനായി അളവുപുസ്തകവും ഫയലും തയ്യാറാക്കിയിരുന്നു. ₹106,000/- വികസന ഫണ്ടിൽ നിന്നും (പട്ടികവർഗ ഉപപദ്ധതി) വകയിരുത്തിയ എസ്റ്റിമേറ്റിൽ 19 ഇനങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി ആവിഷ്കരിച്ചത്. ഈ പ്രവൃത്തിയുടെ അളവു പുസ്തകം പരിശോധിച്ചപ്പോൾ 11 ഇനങ്ങൾ ഒഴിവാക്കിയാണ് പ്രവൃത്തി പൂർത്തിയാക്കിയത് എന്ന് മനസിലാവുന്നു. വാട്ടർ ടാങ്ക്, മോട്ടോർ ഷെഡ്, മോട്ടോർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇവ തമ്മിൽ ബന്ധിപ്പിക്കുന്ന ഇനങ്ങളും ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ നൽകുന്നതുമായ ഇനങ്ങൾ ഒഴിവാക്കുകയാണുണ്ടായത്. 4 മാസം കൊണ്ട് പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ കരാർ നമ്പർ 37/15.02.17 പ്രകാരം ഒപ്പുവെച്ചെങ്കിലും പ്രൊജക്ട് 173/18, 150/19 എന്ന നമ്പറുകളിൽ സ്പിൽ ഓവർ ആക്കി 24.4.18നാണ് പ്രവൃത്തി പൂർത്തീകരിച്ചത്. ആകെ പ്രവൃത്തി മൂല്യമായ ₹97560/- ആണെങ്കിലും സ്പിൽ ഓവറായി പ്രൊജക്ട് അംഗീകാരം വാങ്ങുമ്പോൾ ₹44,000/- മാത്രമാണ് വകയിരുത്തിയത്. ഈ തുക അതായത് ₹44,000/- കരാറുകാരന് നൽകിയത് 2019 മാർച്ച് മാസം അവസാനമാണ്. ബാക്കി നൽകാനുള്ള തുക നൽകുന്നതിനായി 2019-20ൽ 243/20: പട്ടിക വർഗ കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ (ഫണ്ട് നൽകുന്നതിന് മാത്രം) എന്ന പ്രൊജക്ട് ആവിഷ്കരിച്ച് വികസന ഫണ്ടിൽ നിന്നും 49,800/- ധനകാര്യ കമ്മീഷൻ ₹3760/- എന്നിങ്ങനെ നൽകുകയാണുണ്ടായത്.

പ്രൊജക്ട് നടപ്പാക്കിയതിലെ അപാകതകൾ :

1. 19 ഇനങ്ങൾ ഉൾപ്പെടുത്തി ആവിഷ്കരിച്ച പ്രവൃത്തിയിൽ 8 ഇനങ്ങൾ മാത്രം പൂർത്തീകരിച്ച് പ്രവൃത്തി അവസാനിപ്പിച്ചു.

2. ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകാനായി ആവിഷ്കരിച്ച പ്രൊജക്ടിനായി ₹97560/- ചെലവഴിച്ചുവെങ്കിലും കണക്ഷൻ നൽകാനായില്ല.

3. നാലുമാസം കൊണ്ട് പൂർത്തീകരിക്കേണ്ട പ്രവൃത്തി പൂർത്തീകരിക്കാൻ 14 മാസം എടുത്തു.

4. പ്രവൃത്തിയുടെ ബിൽ തുക നൽകാനാവശ്യമായ തുക വകയിരുത്താതെയാണ് പ്രൊജക്ട് സ്പിൽ ഓവറായി കൊണ്ടുവന്നത്.

5. സമയ ക്രമം അനുസരിച്ച് പ്രവൃത്തി നിർവ്വഹിക്കാത്ത കരാറുകാരനെതിരെ ഒരു നടപടിയും സ്വീകരിച്ചില്ല. പ്രവൃത്തി പൂർത്തീകരിച്ച് രണ്ടു വർഷം വേണ്ടി വന്നു കരാറുകാരന് തുക അനുവദിക്കാൻ.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.8.v/21-01-2022) മറുപടിയിൽ ചെയ്ത ഇനങ്ങൾക്കുമാത്രമേ ബിൽ തുക നൽകിയിട്ടുള്ളൂ, സാധന സാമഗ്രികൾ ലഭ്യമാവാനുള്ള കാലതാമസം മൂലം പദ്ധതി പൂർത്തീകരിക്കാൻ വൈകി, മേലിൽ ഇത്തരം കാലതാമസം സംഭവിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകൾ ചെയ്യുന്നതാണ് എന്ന് പരാമർശിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം :

ഗുണഭോക്താക്കൾക്ക് കുടിവെള്ളകണക്ഷൻ നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പട്ടികവർഗ കോളനിയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി പട്ടിക വർഗ ഉപപദ്ധതിക്കുള്ള വികസന ഫണ്ടോ, പൊതുവിഭാഗം വികസന ഫണ്ടോ വകയിരുത്താവുന്നതാണ്.

1-26 മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഹാജരാക്കിയില്ല. തുക തടസപ്പെടുത്തുന്നു.

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും അളവുപുസ്തകങ്ങളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നം/ പേര് | അടങ്കൽ / ഫണ്ടിനം | ചെലവ് / ബിൽ നം. |
|---|---|---|---|
| 1 | 123/20: മൊടക്കോട് കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, മോട്ടോർ ഷെഡ് | 160,000 CFC | 126, 741 49/13.3.20 |
| 2 | 155/20: കയത്തംകാട് കോളനി റോഡ് | 150,000 Plan (SCP) | 150,000 8/16.5.19 |
| 3 | 162/20: ഇറ്റിപ്പാടം കുടിവെള്ള പദ്ധതി | 250,000 CFC | 227,292 17/11.6.19 |
| 4 | 167/20: മന്ദത്തുപാറ കുടിവെള്ള പദ്ധതി | 50,000 Plan (GI) | 38,237 66/31.3.20 |
| 5 | 181/20: പടിഞ്ഞാമുറി അംഗനവാടി നിർമ്മാണം | 352,985 CFC<br>500,000 Central Fund<br>200,000 Block Share | 200,000 Block Share |
| 6 | 182/20: വിവിധ അങ്കണവാടികളുടെ നിർമ്മാണം | 350,000 MG(NR) | 98055 23/15.7.19 |
| | ആകെ | | 840,325 |

രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവുതുക ₹840,325/- തടസത്തിൽ വെക്കുന്നു.

1-27 പ്രവൃത്തി പൂർത്തീകരിച്ചിട്ടും ബിൽ തുക നൽകാൻ കാലതാമസം വരുത്തുന്നത്

അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി ഉണ്ടാക്കുന്ന കരാറിന്റെ ഖണ്ഡിക 13ൽ പ്രവൃത്തി പൂർത്തിയാക്കി 2 ആഴ്ച്ചയ്ക്കുള്ളിൽ അളവെടുത്ത് ബിൽ എഴുതുകയും ബിൽ ലഭിച്ച് ഒരാഴ്ച്ചയ്ക്കുള്ളിൽ പണം നൽകുന്നതുമാണ് എന്ന് പരാമർശിച്ചിട്ടുണ്ട്.

1) 13.3.19ൽ പൂർത്തീകരിച്ച പ്രൊജക്ട് നം.189/20(208/19): വട്ടെക്കാട് വെയ്റ്റിങ്ങ് ഷെഡ് അറ്റകുറ്റപ്പണി എന്ന പ്രവൃത്തി 13.3.19ന് പൂർത്തീകരിച്ചുവെങ്കിലും ഒരുവർഷത്തോളം വൈകി 25.2.2020നാണ് കരാറുകാരന് ബിൽ തുക അനുവദിച്ചത്.

ബിൽ നം.61/25.02.2020, തുക: ₹39,943/- (പൊതുവിഭാഗം വികസന ഫണ്ട്)

2) 12.01.18ന് പ്രവൃത്തി പൂർത്തീകരിച്ച പ്രൊജക്ട നം.171/20 (214/18): മൊബൈൽ ഫ്രീസർ യൂണിറ്റിന് ഷെഡ് എന്ന പ്രവൃത്തിയുടെ ബിൽ തുക അനുവദിച്ചത് 2 വർഷത്തിന് ശേഷം 25.2.2020നാണ്.

ബിൽ നം.60/25.02.2020, തുക: 28,934/- (പൊതുവിഭാഗം വികസന ഫണ്ട്)

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.8.vi/21-01-2022) മറുപടിയിൽ ബന്ധപ്പെട്ട കരാറുകാരൻ അളവുകൾ സമ്മതിക്കാൻ കാല താമസം സംഭവിച്ചതുകൊണ്ടാണ് ബിൽ തുക നൽകുന്നത് വൈകിയത് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രവൃത്തി പൂർത്തീകരിച്ചിട്ടും ബിൽ തുക നൽകാൻ വൈകുന്നത് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ ചെലവഴിക്കാനാവാതെ പാഴായിപോകുന്നതിന് ഇടയാകുന്നു. ഇതേ പദ്ധതിക്കായി അടുത്ത വർഷം വീണ്ടും തുക വകയിരുത്തേണ്ടിവരുന്നു. തുക നൽകാൻ രണ്ട് വർഷം വൈകുമ്പോൾ വകയിരുത്തിയ തുകയുടെ ഇരട്ടി ഗ്രാമ പഞ്ചായത്തിന് നഷ്ടമാവുന്നുണ്ട്. ഈ പ്രവണത ഗൗരവത്തോടെ കണ്ട് ഇത് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെണ്ടർ ഡീവിയേഷൻ കുറവു ചെയ്യാതെ ബിൽ തുക അനുവദിച്ചതിലൂടെ അധികം നൽകിയ തുക തിരിച്ചടക്കണം

അസിസ്റ്റന്റ് എഞ്ചിനീയർ ടെണ്ടർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ അവസാന ബിൽ, ടെണ്ടർ വേരിയേഷൻ കുറവുചെയ്യാതെ നൽകിയയിനത്തിൽ അധികം നൽകിയ ₹3423/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കണം. വിശദവിവരം ചുവടെ കൊടുക്കുന്നു.

1)പ്രൊജക്ട് നം.150/20(69/19) മലപ്പുറം പൊട്ടപാറ റോഡ്

കരാർ നം.43/17.8.18 കരാറുകാരൻ: ചന്ദ്രൻ. കെ

എസ്റ്റിമേറ്റ് തുക: 200,000/- കരാർ നിരക്ക് : 0.25% കുറവ്

ചെലവ് തുക: 200,000/- ബിൽ നം: 12/16.05.19

അളവുപുസ്തകം നം.35/18-19

| | അനുവദിക്കാവുന്നത് | അനുവദിച്ചത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 194174.76 | 194174.76 |
| + 3% GST Compensation | 5825.24 | 5825.24 |
| ആകെ | 200000 | 200000 |
| - ടെണ്ടർ വേരയേഷൻ (0.25%) | 500 | 0 |
| അറ്റ തുക | 199500 | 200000 |

ടെണ്ടർ വേരിയേഷൻ ഇനത്തിൽ കുറവുചെയ്യേണ്ടത്: ₹500/-

2) പ്രൊജക്ട് നം .173/20(42/19)  മോടൻകാട് കോളനി റോഡ്

കരാർ നം.47/18.8.18 കരാറുകാരൻ: ദേവദാസ്. വി

എസ്റ്റിമേറ്റ് തുക: 200,000/-

കരാർ നിരക്ക് : 0.9% കുറവ്

ചെലവ് തുക: ₹199,799/- ബിൽ നമ്പർ: 25/15.07.2019

അളവുപുസ്തകം നം.38/18-19

| | അനുവദിക്കാവുന്നത് | അനുവദിച്ചത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 199799 | 199799 |
| - ടെണ്ടർ വേരയേഷൻ | 1798.19 | 0 |

| | | |
|---|---|---|
| (0.9%) | | |
| അറ്റ തുക | 198001 | 199799 |

ടെണ്ടർ വേരിയേഷൻ ഇനത്തിൽ കുറവുചെയ്യേണ്ടത്: ₹1798/-

3. പ്രൊജക്റ്റ് നം .168/20(160/19) കുളപ്പുള്ളിപ്പാടം കുടിവെള്ള പദ്ധതി

കരാർ നം.50/26.10.17 കരാറുകാരൻ: ദേവദാസ്. വി

എസ്റ്റിമേറ്റ് തുക: 43,000/- കരാർ നിരക്ക് : 0.5% കുറവ്

ചെലവുതുക: ₹42,573/- ബിൽ നം. 26/15.07.2019

അളവുപുസ്തകം നം.100/17-18

| | അനുവദിക്കാവുന്നത് | അനുവദിച്ചത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 42573 | 42573 |
| - ടെണ്ടർ വേരയേഷൻ (0.5%) | 213 | 0 |
| അറ്റ തുക | 42360 | 42573 |

ടെണ്ടർ വേരിയേഷൻ ഇനത്തിൽ കുറവുചെയ്യേണ്ടത്: ₹213/-

4. പ്രൊജക്റ്റ് നം .175/20(59/19) മണ്ഡപം കുടം പൊരുതംകോട് റോഡ്

കരാർ നം.2/9.8.18 കരാറുകാരൻ: ഭാർഗവൻ

എസ്റ്റിമേറ്റ് തുക: 250,000/- കരാർ നിരക്ക് : 0.25% കുറവ്

ചെലവ് തുക: 250,000/- ബിൽ നം: 27/15.07.19

അളവുപുസ്തകം നം.45/18-19, 44/18-19

| | അനുവദിക്കാവുന്നത് | അനുവദിച്ചത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 250000 | 250000 |
| - ടെണ്ടർ വേരയേഷൻ (0.25%) | 625 | 0 |
| അറ്റ തുക | 249375 | 250000 |

ടെണ്ടർ വേരിയേഷൻ ഇനത്തിൽ കുറവുചെയ്യേണ്ടത്: ₹625/-

5. പ്രൊജക്റ്റ് നം .179/20(86/19) തുമ്പന കുടിവെള്ള പദ്ധതി

കരാർ നം.21/9.8.18 കരാറുകാരൻ: ഉദയൻ. കെ

എസ്റ്റിമേറ്റ് തുക: 300,000/- കരാർ നിരക്ക് : 0.1% കുറവ്

ചെലവ്: 287,562/- ബിൽ നം. 28/23.7.19

അളവുപുസ്തകം നം.46/18-19

| | അനുവദിക്കാവുന്നത് | അനുവദിച്ചത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 287,562 | 287,562 |
| - ടെണ്ടർ | 287 | 0 |

| | | |
|---|---|---|
| വേരയേഷൻ (0.1%) | | |
| അറ്റ തുക | 287275 | 287,562 |

ടെണ്ടർ വേരിയേഷൻ ഇനത്തിൽ കുറവുചെയ്യേണ്ടത്: ₹287/-

ഈ വിഷയം ഓഡിറ്റ് അന്വേഷണം നം.4.A/19-01-2022 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ടെണ്ടർ ഡീവിയേഷൻ കുറവുചെയ്യാൻ വിട്ടുപോയതാണെന്നും ഇത് ആവർത്തിക്കില്ലെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

അധികം നൽകിയ ആകെ തുക ₹3423/- (500+1798+213+625+287) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

## 3-2 അർഹതയില്ലാത്ത ഇനത്തിന് GST Compensation അനുവദിച്ചത് - അധികം നൽകിയ തുക തിരിച്ചടക്കണം

പ്രൊജക്ട് നം.177/20 (81/19): കണക്കൻകാട് പണിക്കർപൊറ്റ റോഡ് എന്ന പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ GST Compensation ഇനത്തിൽ ആകെ പ്രവൃത്തി മൂല്യത്തിന്റെ 5% തുക ₹8551/- അധികമായി നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പരും പേരും | പ്രൊജക്ട് നം.177/20 (81/19): കണക്കൻകാട് പണിക്കർപൊറ്റ റോഡ് |
| അടങ്കൽ | ₹200,000/- Plan (SCP) |
| ചെലവ് തുക/ ബിൽ നമ്പർ | ₹ 179576/- ബിൽ നം.40/20.1.20 |
| ആകെ പ്രവൃത്തിമൂല്യം/ അളവുപുസ്തകം | ₹179,576/- 49/18-19 |
| കരാർ നമ്പർ/ കരാർ തുക | 29/9.8.18 ₹197,967/- |
| കരാറുകാരൻ | സിജു. എം.കെ |
| PAC | ₹197,967/- |
| എസ്റ്റിമേറ്റ് പ്രകാരം Side Protectionന്റെ അടങ്കൽ | 54570.65 |
| എസ്റ്റിമേറ്റ് പ്രകാരം Concreteന്റെ അടങ്കൽ | 143396/- |

സർക്കാർ ഉത്തരവ് (അച്ചടി) നം.87/2017/തസ്വഭവ തീയതി:1.11.17 ഖണ്ഡിക 4 പ്രകാരം, ഖണ്ഡിക 3ലെ പട്ടികയിലെ ഇനങ്ങൾ കൂടി ചേർന്ന് വരികയാണെങ്കിൽ ടി ഇനങ്ങളിൽ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന്റെ GST Compensation ആണ് നൽകേണ്ടത്. ഈ പ്രവൃത്തിയിൽ കൂടുതൽ അടങ്കൽ തുക വരുന്ന Concrete പ്രവൃത്തിക്ക് GST Compensation അനുവദിച്ചിട്ടില്ലാത്തതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 8.III/21-01-2022നുള്ള മറുപടിയിൽ ഇത് ബിൽ തുക കണക്കാക്കിയ തെറ്റാണെന്നും ഇത്തരം തെറ്റുകൾ ഒഴിവാക്കുമെന്നും സൂചിപ്പിച്ചിട്ടുണ്ട്.

അതിനാൽ GST Compensation ഇനത്തിൽ അധികം നൽകിയ ₹8551/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 12.1.2022- 21.1.2022 | അനുബന്ധം 1 കാണുക |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| നെൻമാറ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 8910 | 51/18- പെരിങ്ങോട്ടുകാവ് കുടിവെള്ള പദ്ധതി | 0 | 8910 |
| | 2017-18 | 69819 | 160/18-കരിപ്പാലി- മന്ദത്ത് പാറ കുടിവെള്ളപദ്ധതി | 0 | 69819 |
| | 2018-19 | 500000 | 119/19-സയൻസ് സെന്റർ ലാടിൻ ബ്ലോക്ക് | 300000 | 200000 |
| | 2018-19 | 19050 | 189/19-ലൈഫ് മിഷൻ(ജനറൽ) | 0 | 19050 |
| | 2018-19 | 43460 | 117/19-ലൈഫ് മിഷൻ(എസ്.സി.പി) | 0 | 43460 |
| | 2018-19 | 5333 | സ്കോളർഷിപ് | 0 | 5333 |
| | 2018-19 | 105908 | പാലിയേറ്റീവ് | 0 | 105908 |
| | 2018-19 | 51656 | വ്യക്തമല്ല | 0 | 51656 |
| | 2019-20 | 2450000 | 82/20: നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 2450000 | 0 |
| | | 150000 | 35/21: പാലിയേറ്റീവ് പരിചരണ പരിപാടി | 149840 | 160 |
| | | 1010715 | 106/20-ലൈഫ് മിഷൻ (ജനറൽ) | 1007500 | 3215 |
| | | 1000000 | 116/20-ലൈഫ് മിഷൻ (ജനറൽ) | 1000000 | 0 |
| | | 1714280 | 240/20-ലൈഫ് മിഷൻ (എസ്.സി.പി) | | 1,714,280 |
| | | 150000 | 65/20: ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | | 500000 | 181/20: പടിഞ്ഞാമുറി അങ്കണവാടി നിർമ്മാണം | 200000 | 300000 |
| ആകെ - ബ്ലോക്ക് പഞ്ചായത്ത് | | 7779131 | | 5257340 | 2521791 |
| പാലക്കാട് | 2018-19 | 60279 | 189/19-ലൈഫ് മിഷൻ (ജനറൽ) | 0 | 60279 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 62048 | 82/20: നെൽ കൃഷിക്ക് കൂലിച്ചെലവ് | 62048 | 0 |
| | | 1169384 | 106/20-ലൈഫ് മിഷൻ (ജനറൽ) | 1160000 | 9384 |
| | | 766500 | 116/20-ലൈഫ് മിഷൻ (ജനറൽ) | 767500 | |
| | | 300000 | 65/20: ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | |
| | | 2358211 | | 2289548 | 69663 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവണ ഏജൻസി | പ്രൊജക്ട് നം. | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലങ്കോട് | 204/20 | വട്ടേക്കാട് ജി യു പി സ്കൂളിലേക്കും ഉമ്പന കുടിവെള്ള പദ്ധതി യിലേക്കും 3ഫേസ് കണക്ഷൻ ലഭ്യമാക്കൽ | 8/26.7.19 വികസന ഫണ്ട് | 41861 | - | 41861 |
| 2 | അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലങ്കോട് | 26/20 | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റൽ | 25/25.1.20 -44310/- 31/6.2.20 -43475/- 33/24.2.20 -36047/- 35/24.2.20 -18617/- 36/11.3.20 /-33111/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 175560 | - | 175560 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8,880,000/- രൂപ വരവുണ്ട്. ഈ തുകയിൽ 160000/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക തൻ വർഷം ലഭിച്ചത് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് - KURDFC- വായ്പ | 18.05.18 ലെ ജിഒ(എം.എസ്) നം 68/2018 എൽ.എസ് . ജി.ഡി | 8,880,000 | 19042984 | 1797102 | 0 | 26125882 |
| EMS | ജി.ഒ.എം.എസ് 647/2010/lsgd 25.02.2010 | 0 | 710594 | 710594 | 0 | 0 |

2019-20 വർഷം ഹഡ്കോയിൽ നിന്നും ലോൺ ഇനത്തിൽ ലഭ്യമായ തുകയിൽ ₹65,00,000/- തൻ വർഷം ചെലവഴിച്ചിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ₹49189/- വരവുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-1(3) | 3285 | ഹരിദാസൻ, കോൺട്രാക്ടർ | 119050100423/18.5.19 |
| 2017-18 | 3-1(4) | 1,300 | ഹരിദാസൻ, കോൺട്രാക്ടർ | 119050100423/18.5.19 |
| 2017-18 | 3-1(2) | 2565 | സിജു. എം.കെ, കോൺട്രാക്ടർ | 119050100428/20.5.19 |
| 2017-18 | 3-1(5) | 3350 | ജയപ്രകാശ്, കോൺട്രാക്ടർ | 119050100440/20.05.19 |
| 2017-18 | 3-1(6) | 1780 | ജയപ്രകാശ്, കോൺട്രാക്ടർ | 119050100440/20.05.19 |
| 2017-18 | 3-1(1) | 1233 | വിജയരാഘവൻ.സി, | 119050100459/21.05.19 |

| | | | | |
|---|---|---|---|---|
| | | | കോൺട്രാക്ടർ | |
| 2017-18 | 3-1(7) | 2263 | ദേവദാസൻ, കോൺട്രാക്ടർ | 119050100566/29.05.19 |
| 2017-18 | 3-1(8) | 2165 | ദേവദാസൻ, കോൺട്രാക്ടർ | 119050100566/29.05.19 |
| 2017-18 | 2-9 | 17430 | AE, Transfer Credit | 119050500002/07.07.19 |
| 2018-19 | 1-21 (9,10,11) | 6722 | ജയപ്രകാശ്, കോൺട്രാക്ടർ | 119050900013/30.11.19 |
| 2018-19 | 1-21 (13) | 1855 | ഉദയൻ കെ. നായർ | 119050104051/30.11.19 |
| 2018-19 | 1-21 (3,7) | 5241 | ഹരിദാസ്. ആർ, കോൺട്രാക്ടർ | 119050105118/03.02.20 |
| | | 49189 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ ഒന്നുമില്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളിലൂടെ ഓഡിറ്റ് വർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 11,553,432 |
| ഓഡിറ്റ് വർഷത്തെ വരവ് | 79,656,141 |
| ആകെ | 91209573 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 74,322,028 |
| നീക്കിയിരിപ്പ് | 16887545 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11974 |
| പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടത് | 32077 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 2050325 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3423 | അനൂപ്.കെ.എം, അസി.എഞ്ചിനീയർ |
| 3-2 | | 8551 | ഉമ ടി.എൻ അസി.എഞ്ചിനീയർ |
| | | 11974 | |

ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടം വന്ന | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | തുക | ഉദ്യോഗപ്പേരും |
|---|---|---|
| 1-21(1) | 4339 | അനൂപ്. കെ.എം,<br>അസി. എഞ്ചിനീയർ |
| 1-21(2) | 2995 | അനൂപ്. കെ.എം,<br>അസി. എഞ്ചിനീയർ |
| 1-21(3) | 7440 | അനൂപ്. കെ.എം,<br>അസി. എഞ്ചിനീയർ |
| 1-21(4) | 2428 | അനൂപ്. കെ.എം,<br>അസി. എഞ്ചിനീയർ |
| 1-21(5) | 14875 | ഉമ ടി.എൻ<br>അസി. എഞ്ചിനീയർ |
| ആകെ | 32077 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1,210,000 | ഡോ. ബബിത ബി.എസ്<br>വെറ്റിനറി സർജൻ |
| 1-26(1) | 126,741 | ഉമ ടി.എൻ<br>അസി. എഞ്ചിനീയർ |
| 1-26(2) | 150,000 | അനൂപ്. കെ.എം,<br>അസി. എഞ്ചിനീയർ |
| 1-26(3) | 227,292 | അനൂപ്. കെ.എം,<br>അസി. എഞ്ചിനീയർ |
| 1-26(4) | 38,237 | ഉമ ടി.എൻ<br>അസി. എഞ്ചിനീയർ |
| 1-26(5) | 200,000 | ഉമ ടി.എൻ<br>അസി. എഞ്ചിനീയർ |
| 1-26(6) | 98,055 | അനൂപ്. കെ.എം,<br>അസി. എഞ്ചിനീയർ |
| | 2050325 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനൂപ്. കെ.എം, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, മേലാർക്കോട് ഗ്രാമ പഞ്ചായത്ത് | കക്കാട്ടുമന, അളഗപ്പ നഗർ, തൃശ്ശൂർ - 680302 |
| ഉമ ടി.എൻ അസി. എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | തെക്കെ മഠം, കൊടകര, തൃശ്ശൂർ - |
| ഡോ. ബബിത ബി.എസ് വെറ്റിനറി സർജൻ | വെറ്ററിനറി പോളി ക്ലിനിക്ക്, ചിറ്റൂർ | എ2, ശബരി അപ്പാർട്ട്മെന്റ്, കൂട്ടുപാത, ചന്ദ്രനഗർ, പാലക്കാട് - 678007 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFP10- 709/01/11.09.01 | - |
| 1998-99 | LFP10- 751/01/03.08.01 | - |
| 1999-2000 | LFP10- 752/01/03.08.01 | - |
| 2000-01 | LFP10- 276/02/04.05.02 | 1 |
| 2001-02 | LFP13- 644/04/09.01.04 | 8 |
| 2002-03 | LFP13- 1162/03/09.01.04 | 1 |
| 2003-04 | LFP12- 1053/07/10.03.08 | 6 |
| 2004-05 | LFP12- 1054/07/02.01.08 | 2 |
| 2005-06 | LFP12- 1055/07/11.03.08 | 7 |
| 2006-07 | LFP18- 790(a)/11/23.11.11 | 3 |
| 2007-08 | LFP18- 790(b)/11/23.11.11 | 3 |
| 2008-09 | LFP18- 790(c)/11/14.11.11 | 2 |

| | | |
|---|---|---|
| 2009-10 | LFP18- 642/12/04.07.12 | 8 |
| 2010-11 | LFP18- 929/13/16.07.13 | 1 |
| 2011-12 | LFP18- 54/14/3.02.14 | 1 |
| 2012-13 | LFP18- 288/15/16.05.15 | 7 |
| 2013-14 & 2014-15 | കെ.എസ്.എ.പി.കെ.ഡി 18-587/16 /25.06.16 | 5 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.11-109/2017/ 29-12-2016 | 5 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.18-1324/2017/ 17-08-2017 | 8 |
| 2017-18 | കെ.എസ്.എ.പി.കെ.ഡി.18-396/2019/ 4-4-2019 | 5 |
| 2018-19 | കെ.എസ്.എ.പി.കെ.ഡി.18-22/2020/ 07.02.2020 | 7 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| Elavanchery Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 11553432.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 683370.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 1586568.00 |
| 150000000 | Sale & Hire Charges | RP-5 | 214042.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 38433199.00 |
| 171000000 | Interest Earned | RP-9 | 323132.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 24316120.00 |
| 340000000 | Deposits Received | RP-34 | 12000.00 |
| 350000000 | Other Liabilities | RP-36 | 231581.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 52765.00 |
| 311000000 | Earmarked Funds | RP-29 | 10767.00 |
| 330000000 | Secured Loans | RP-32 | 8880000.00 |
| 340000000 | Deposits Received | RP-34 | 347366.00 |
| 350000000 | Other Liabilities | RP-36 | 144332.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2642448.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1778451.00 |
| | Grand total | | 91209573.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3203240.00 |
| 220000000 | Administrative Expenses | RP-12 | 1122674.00 |
| 230000000 | Operations & Maintenance | RP-13 | 1000831.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 4213995.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12780571.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1329915.00 |
| 253000000 | Decentralised Plan Programme- | RP-18 | 555573.00 |

| | | | |
|---|---|---|---|
| | Projects not included in Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 5430580.00 |
| 255000000 | Maintenance Projects | RP-20 | 4339861.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 92000.00 |
| 280000000 | Prior Period item | RP-26 | 125000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 20272915.00 |
| 340000000 | Deposits Received | RP-34 | 6000.00 |
| 350000000 | Other Liabilities | RP-36 | 3744041.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 838.00 |
| 311000000 | Earmarked Funds | RP-29 | 8000.00 |
| 330000000 | Secured Loans | RP-32 | 713578.00 |
| 340000000 | Deposits Received | RP-34 | 202700.00 |
| 350000000 | Other Liabilities | RP-36 | 1199674.00 |
| 410000000 | Fixed Assets | RP-38 | 2134447.00 |
| 412000000 | Capital work in Progress | RP-40 | 1009559.00 |
| 440000000 | Pre-paid Expenses | RP-45 | 8980000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1856036.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 16878445.00 |
| Cash | Cash | RP-40(b) | 9100.00 |
| | Grand Total | | 91209573.00 |

| Elavanchery Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2971701.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 94416.00 |
| 140000000 | Fee & User Charges | I-4(b) | 2017420.00 |
| 150000000 | Sale & Hire Charges | I-5(b) | 214492.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 63553766.00 |
| 171000000 | Interest Earned | I-8 | 323132.00 |
| 180000000 | Other Income | I-9 | 52765.00 |
| | Total Income | | 69227692.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7970793.00 |
| 220000000 | Administrative | I-11(b) | 1174489.00 |

| | | | |
|---|---|---|---|
| | Expenses | | |
| 230000000 | Operations & Maintenance | I-12(b) | 1000831.00 |
| 240000000 | Interest & Finance Charges | I-13 | 838.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4213995.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 31150461.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1329915.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 555573.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 15712680.00 |
| 255000000 | Maintenance Projects | I-14(e) | 4339861.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 92000.00 |
| 272000000 | Depreciation | I-17(a) | 351168.00 |
| | Total Expenditure | | 67892604.00 |
| | Gross Surplus/ Deficit of income over Expenditure | | 1335088.00 |
| 280000000 | Prior Period Item | I-18 | 483825.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 851263.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Elavanchery Grama Panchayat BALANCE SHEET

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 13437348.74 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 3515.00 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 41509490.00 |
| | Total Reserve & Surplus | | 54950353.74 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7815503.00 |
| | Total Grants, Contributions for Specific Purposes | | 7815503.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 26125882.00 |
| | Total Loans | | 26125882.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 546947.00 |
| 350000000 | Other Liabilities | B-9 | 741224.26 |
| | Total Current Liabilities and Provisions | | 1288171.26 |
| | TOTAL LIABILITIES | | 90179910.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 45377503.00 |
| 411000000 | Accumulated Depreciation | B-11 | -767231.00 |
| 412000000 | Capital Work in Progress | B-11(a) | 1009559.00 |
| | Total Fixed Assets | | 45619831.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1131585.00 |
| 440000000 | Pre-paid Expenses | B-16 | 25965882.00 |
| 450000000 | Cash and Bank Balance | B-17 | 16887545.00 |
| 460000000 | Loans, Advances and Deposits | B-18 | 575067.00 |
| | Total Current Assets, Loans and Advances | | 44560079.00 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 90179910.00 |

ഡെപ്യൂട്ടി ഡയറക്ടർ